A second question that arises is whether the better among foreign educational providers are likely to choose not to come into the country if stringent regulations are imposed on them. With budgetary cuts for education in developed countries and with demographic changes affecting the size of the domestic college-going population in these countries, universities may like to go abroad if they can earn surpluses to support domestic operations. But if regulation includes the "not-for-profit" condition, which prevents them from extracting surpluses and transferring them abroad, they may see no reason to be in India. Perhaps for this reason, the Act has clauses that subvert its very intent. For example, it provides for the constitution of an Advisory Board that can exempt any foreign provider of all requirements imposed by the Act except the requirement of being a not-for-profit body. It also exempts institutions conducting any "certificate course" and awarding any qualification other than a degree or diploma to be exempt from most of the provisions of the Act, making them subject only to certain reporting requirements. This amounts to saying that if a foreign provider enters the country, reports its presence, and advertises and runs only such "certificate courses" (as opposed to courses offering degrees and recognised diplomas), it would have all the rights that many of the so-called "fly-by-night" operators exploit today. Once that possibility is recognised the only conclusion that can be drawn, based on the experience hitherto, is that this Act in itself is unlikely to either bring high quality education into the country, or keep poor quality education out. What motivates it is, therefore, unclear.

This raises the third question as to whether this bill is just the thin end of the wedge. If foreign providers do not come in requisite measure would the government use that "failure" to dilute the law even further and provide for profit and its repatriation by foreign operators in this sector? Some time back, the Commerce Ministry had put out a consultation paper clearly aimed at building support for an Indian offer on education in the negotiations under the General Agreement on Trade in Services (GATS). The paper, while inviting opinions on a host of issues, was clearly inclined to offering foreign educational providers significant concessions that would facilitate their participation in Indian education. In its view: "Given that India's public spending, GER (gross enrolment ratio) levels and private sector participation are low, even when compared to developing countries, there appears to be a case for improving the effectiveness of public spending and increasing the participation of private players, both domestic and foreign." GATS is a trading agreement and therefore applies to those engaged in trade in services for profit. Providing such concession would force a fundamental transformation of the face of higher education in the country.

Put all of this together and both the motivation and the likely outcome of this bill remain unclear. If the intent is to attract new, more and better foreign investment in higher education to close the demand-supply gap, then the specific framework being chosen is likely to subvert its intent. If the idea is to regulate only those who have been coming and would-come, then a separate law just for foreign operators as opposed to all non-state players is inexplicable. This suggests that the process underway is one of creating a window for foreign players and then changing the rules of the game in ways that persuade them to exploit the opportunity. And if the rules are changed for foreign players, they would have to be changed for private domestic players as well. The transition to a new regime would then be complete.




# യു ഡി എഫ് സർക്കാരിൻെറ 12 – ാം പദ്ധതി രേഖയും കേരളത്തിലെ ഉന്നത വിദ്യാഭ്യാസവും

**ഡാ.വി.രാജേന്ദ്രൻനായർ**
*എം.ജി.കോളജ്,തിരുവനന്തപുരം*
*ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ*



പുതിയ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രഖ്യാപിച്ച ചില കാര്യങ്ങൾ മാത്രമാണ് പ്രസ്തുത കരട് രേഖയിൽ കാണുന്നത്. കോളജുകളെ സെൻറർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള പദ്ധതികളും ആട്ടോണമസ് കോളജുകൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയുമാണ് അവർ പ്രസ്തുതമേഖലയിൽ പ്രഖ്യാപിക്കുന്നത്. ക്ലസ്റ്റർ കോളജ് സമ്പ്രദായം വിപുലീകരിച്ച് കല്പിത സർവ്വകലാശാലകൾ സൃഷ്ടിക്കുവാനും ശ്രമിക്കുമെന്ന് സൂചിപ്പിക്കുന്നു. ഇതല്ലാതെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ കുട്ടികൾക്ക് അവസരം നല്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനും ഒരു പദ്ധതിയും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിലാണ് എ.കെ.പി.സി.ടി.എ യു.ഡി. എഫ് സർക്കാരിൻെറ 12–ാം പദ്ധതി കരടു രേഖയ്ക്ക് ബദൽ നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ സഹോദരപ്രസ്ഥാനങ്ങളുമായിച്ചേർന്ന് ശ്രമം നടത്തിയത്. ഡിസംബർ 5–ാം തിയതി തിരുവനന്തപുരത്തു നടന്ന എഫ് എസ് ഈ ററി ഒ യുടെ നേതൃത്വത്തിലുള്ള പദ്ധതി സമീപന രേഖ ചർച്ച ചെയ്യാനുള്ള സെമിനാറിൽ ഉന്നത വിദ്യാഭ്യാസ മേഖലയെപ്പററി സംഘടനയുടെ ജനറൽ സെക്രട്ടറി അവതരിപ്പിച്ച രേഖയുടെ രത്നചുരുക്കം ചുവടെ കൊടുക്കുന്നു.

കേന്ദ്ര സർക്കാരിൻെറ നവലിബറൽ നയങ്ങളുടെ ചുവടു പിടിച്ചു കൊണ്ട് കേരളത്തിലെ യു ഡി എഫ് സർക്കാരും ഉന്നത വിദ്യാഭ്യാസ മേഖലയെ വിദേശ-സ്വദേശ കമ്പോള ശക്തികൾക്ക് അടിയറ വയ്ക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുകയാണെന്നതിന് രേഖാമൂലമുള്ള തെളിവാണ് യു ഡി എഫ് സർക്കാർ പുറത്തിറക്കിയ 12–ാം പദ്ധതി സംബന്ധിച്ച കരട് രേഖ. സർവകലാശാലകളെ തങ്ങളുടെ ആജ്ഞയ്ക്കനുസരിച്ച് പ്രവർത്തിക്കുന്ന കോർപറേഷൻ- ബോർഡ് ഭരണത്തിന് തുല്യമാക്കി മാററിക്കൊണ്ട് സർവകലാശാല ഭരണസംവിധാനത്തെയാകെ രാഷ്ട്രീയ വല്കരിക്കുന്നതിനുള്ള ശ്രമം ഈ ലക്ഷ്യത്തിലേയ്ക്കുള്ള ആദ്യപടിയാണ്. അൺഎയ്ഡഡ് കോഴ്സുകൾ അനിയന്ത്രിതമായി ആരംഭിക്കുന്നതിനുള്ള അംഗീകാരം നല്കുന്നതിനും ഓഫ് ക്യാമ്പസ് സെൻററുകൾ പെട്ടിക്കടകൾ പോലെ ആരംഭിക്കുന്നതിനും കൊണ്ടുപിടിച്ച് ശ്രമങ്ങൾ നടക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിൽ ഒരു മുഖ്യ പങ്ക് വഹിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ മേൽ അവശ്യം ഉണ്ടാകേണ്ട സാമൂഹ്യ നിയന്ത്രണം ഇന്ന് ഒരു പരിധി വരെയെങ്കിലും സാധ്യമാകുന്നത് സർവകലാശാലകളിൽ കൂടിയാണ്. എന്നാൽ സർവകലാശാലകളെ അശക്തമാക്കുന്നതിനും സർക്കാർ വകുപ്പിന് തുല്യമായി തരം താഴ്ത്തുന്നതിനും ശ്രമിക്കുന്നതിലൂടെ നിലവിലുള്ള സാമൂഹ്യ നിയന്ത്രണത്തിൻെറ ശക്തി കുറയ്ക്കുവാനും അതുവഴി അനിയന്ത്രിതമായ സ്വകാര്യ ഇടപെടലുകൾക്ക് വഴി തുറക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ പൊതു വിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പദ്ധതിയും സമീപനവും യു ഡി എഫ് സർക്കാർ 12 –ാം പദ്ധതിയുടെ കരട് രേഖയിൽ വ്യക്തമാക്കുന്നില്ല.

വിദ്യാഭ്യാസവും വികസനവും തമ്മിലുള്ള പാരസ്പര്യം നന്നായി ബോധ്യപ്പെട്ടിട്ടുള്ള ഒരു ജനസമൂഹമാണ് കേരളത്തിലുള്ളത്. വിദ്യാഭ്യാസ വ്യാപനരംഗത്ത് കേരളം നേടിയ നേട്ടങ്ങളുടെ പരിണിതഫലമായാണ് സാമൂഹ്യവികസന രംഗത്ത് ഇതരസംസ്ഥാനങ്ങളിൽ നിന്നും ഏറെ മുന്നോട്ടുപോകുവാൻ നമുക്ക് കഴിഞ്ഞത്. എന്നാൽ സന്തുലിതവും സുസ്ഥിരവുമായ വികസനം കൈവരിക്കുവാനായി നമുക്ക് ഇനിയുമേറെ മുന്നോട്ടു പോകുവാനുണ്ട്. വിദ്യാഭ്യാസ വ്യാപനം സാദ്ധ്യമായെങ്കിലും ആനുപാതികമായ ഗുണമേന്മ നേടിയെടുക്കുവാനായിട്ടില്ല. വിദ്യാഭ്യാസത്തിന്റെ പ്രാപ്യതയോടൊപ്പം ഗുണമേന്മയും കൈവരിച്ചേ മതിയാകു. അറിവിന്റെ രംഗത്തെ ആധുനിക നേട്ടങ്ങൾ സ്വാംശീകരിക്കുവാനും കൈമാറ്റം ചെയ്യുവാനുള്ള ശ്രമം

നടത്തേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ മികവ് ഒരു ചെറു ന്യൂന പക്ഷത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നത് സാമൂഹ്യ നീതിയുടെ നിഷേധമാണ്. അതിനാൽ മികവിന്റെ ജനാധിപത്യവൽക്കരണമാണ് നമുക്ക് ആവശ്യമായിട്ടുളളത്. സാമൂഹ്യനീതിയിലധിഷ്ടിതമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടും പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുക്കൊണ്ടും അവിടങ്ങളിലെ പഠന ഗുണനിലവാരം മെച്ചപ്പെടുത്തിക്കൊണ്ടും മാത്രമെ അത് സാധ്യമാകു. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് 12-ാം പദ്ധതി കാലയളവിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന പരിപാടികൾ നിർദ്ദേശിക്കുന്നു.

1. കേരളത്തിലെ വിദ്യാർത്ഥികളിൽ ഉന്നതവിദ്യാഭ്യസത്തിനെത്തുന്നവരിൽ 98% പേരും ആ ലക്ഷ്യം സാധൂകരിക്കുവാനായി ആശ്രയിക്കുന്നത് കേരളത്തിലെ പൊതുമേഖലയിലും എയ്ഡഡ് മേഖലയിലുമുളള ആർട്സ് ആന്റ് സയൻസ് കോളേജുകളെയാണ്. ഇടത്തരക്കാരുടെയും പാവപ്പെട്ടവരുടെയും കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുളള വികസന പരിപാടികൾക്ക് മുൻതൂക്കം നൽകേണ്ടിയിരിക്കുന്നു. സർക്കാരിന്റേയും സർവ്വകലാശാലകളുടെയും വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ മുൻഗണന നൽകേണ്ടത് ഈ മേഖലയിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അതിൽ കൂടി ഗുണമേന്മയുളള വിദ്യാഭ്യാസം ബഹുഭൂരിപക്ഷത്തിന് ലഭ്യമാക്കുന്നതിനായിരിക്കണം.
2. കേരളത്തിലെ സർവ്വകലാശാലാ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. അതിനുവേണ്ടി മുൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പഠനങ്ങൾ നടന്നിരുന്നു. സർവ്വകലാശാലാ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കപ്പെടണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ അത്തരം പരിഷ്കാരങ്ങൾ സംസ്ഥാനത്ത് ഇന്ന് നിലനിൽക്കുന്ന സർവ്വകലാശാലാ നിയമങ്ങളിലുളള ജനാധിപത്യമൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ടുളളതും അവയ്ക്ക് ശക്തിപകരുന്ന തരത്തിലുളളതുമായിരിക്കണം. കേരള-കാലിക്കറ്റ് സർവ്വകലാശാലാ നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തെ മാതൃ സർവ്വകലാശാലാ നിയമങ്ങൾ ആയിട്ടാണ് നാം കണക്കാക്കുന്നത്. ആ നിയമങ്ങളുടെ അടിസ്ഥാന ഘടനയും ജനാധിപത്യ മൂല്യങ്ങളും സംരക്ഷിക്കുന്ന തരത്തിലുളള നിയമഭേദഗതികളാണ് ഉണ്ടാകേണ്ടത്. അതിനായി ബന്ധപ്പെട്ട മേഖലയിലുളള അദ്ധ്യാപക-വിദ്യാർത്ഥി-അനദ്ധ്യാപക പ്രസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും പൊതു സമൂഹത്തിൽ തുറന്ന ചർച്ചയ്ക്ക് അവസരമുണ്ടാക്കുവാനും കഴിയണം.
3. ഉന്നതവിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവയ്ക്കുന്ന തുക കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിശോധിക്കുമ്പോൾ തികച്ചും അപര്യാപ്തമാണ്. അതിനാൽ 12-ാം പദ്ധതിയിൽ സംസ്ഥാനത്തിന്റെ മൊത്തം അഭ്യന്തര ഉൽപാദനത്തിന്റെ 10 % മെങ്കിലും ഉന്നതവിദ്യാഭ്യാസത്തിനായി മാറ്റി വയ്ക്കേണ്ടതാണ്. സംസ്ഥാന ബജറ്റിന്റെ 30 % എങ്കിലും ഈ മേഖലയ്ക്ക് വകയിരുത്തണം.
4. കോളേജുകളുടെ വികസനരംഗത്ത് ക്ലസ്റ്റർ സമ്പ്രദായം പൊതുവെ ചർച്ച ചെയ്യപ്പെട്ടിട്ടുളള ഒന്നാണ്. കോത്താരി കമ്മീഷൻ റിപ്പോർട്ട് മുതൽ പല പഠനങ്ങളും ക്ലസ്റ്റർ സമ്പ്രദായം നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുളളതാണ്. പരസ്പര സഹകരണത്തിന്റെ നേട്ടങ്ങൾ പങ്കുവയ്ക്കുന്നതിന് സ്ഥാപനങ്ങൾ സ്വയമേ തന്നെ കൂട്ടായ്മകൾ രൂപീകരിച്ച് പ്രവർത്തിക്കുക എന്നതാണ് ഈ ആശയത്തിന്റെ പിന്നിലുളളത്. വ്യത്യസ്ത ഭൗതികസാഹചര്യങ്ങളും അക്കാദമിക സൗകര്യങ്ങളുമുളള കോളേജുകളെ പരസ്പരം ബന്ധപ്പെടുത്തി അവയുടെ അക്കാദമിക സൗകര്യങ്ങൾ സഹകരണത്തിലൂടെ എല്ലാവർക്കും പ്രയോജനപ്പെടുത്തുന്നതിനായി ഈ പദ്ധതി എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ചിരുന്നു. ഈ പദ്ധതിയുടെ പരിധിയിൽപ്പെടാൻ കേരളത്തിലെ ചില പ്രബല മാനേജുമെന്റുകൾ കൂട്ടാക്കിയിരുന്നില്ല. എല്ലാ കോളേജുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലസ്റ്റർ സമ്പ്രദായം ശക്തമാക്കാനുളള ശ്രമം ഉണ്ടാകേണ്ടതാണ്. ഇതിനായി വിവിധ കോളേജുകളുടെ കൂട്ടായ്മയ്ക്കുളള മാർഗരേഖയും പ്രവർത്തന നിയമങ്ങളും അവയുടെ ഉത്തരവാദിത്വങ്ങളും വിശദമായി ചർച്ച ചെയ്ത് രൂപപ്പെടുത്തേണ്ടതാണ്.
5. ബിരുദതല വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനത്തിന്റെ ഭാഗമായി നടപ്പിലാക്കിയ സി.ബി.സി.എസ്.എസ്. പരിഷ്കാരത്തെ തുടർന്ന് അനിവാര്യമായും നടത്തേണ്ടതാണ് പരീക്ഷയിലും മൂല്യനിർണ്ണയത്തിലുമുളള പരിഷ്കാരം. മെച്ചപ്പെട്ട പരീക്ഷാ സമ്പ്രദായം കൊണ്ടുവരുന്നതിന്റെ ഭാഗമായി മുൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുൻകൈ എടുത്ത് പ്രൊഫ.ജേക്കബ് താരു അദ്ധ്യക്ഷനായി നിയോഗിച്ച കമ്മീഷന്റെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ നിഗമനങ്ങളും നിർദ്ദേശങ്ങളും അധ്യാപക വിദ്യാർത്ഥി സമൂഹത്തിൽ തുറന്ന ചർച്ചയ്ക്ക് വിധേയമാക്കണം. മെച്ചപ്പെട്ട മൂല്യനിർണ്ണയ വ്യവസ്ഥയ്ക്ക് അനുഗുണമായ വ്യവസ്ഥകൾ രൂപപ്പെടുത്തിയെടുക്കുവാനും നടപ്പിലാക്കുവാനും കഴിയണം.
6. വിദ്യാർത്ഥി പ്രവേശനത്തിൽ സുതാര്യതയും സാമൂഹ്യ നീതിയും പരിപാലിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏകജാലക സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കേണ്ടതാണ്.
7. യു.ജി.സിയുടെ ആറാം ശമ്പള പരിഷ്കരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച യു.ജി.സി. റഗുലേഷനിലെ അക്കാദമിക മൂല്യവും ഗുണമേന്മയ്ക്കായുളള വ്യവസ്ഥകളും അർഹിക്കുന്ന പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ്. എന്നാൽ അവയിൽ നിലനിൽക്കുന്ന ഫെഡറൽ വ്യവസ്ഥയ്ക്ക് വിരുദ്ധമായ ഘടകങ്ങളെയും അധ്യാപക താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളെയും ഒഴിവാക്കിക്കൊണ്ടാവണം അത് നടപ്പിലാക്കേണ്ടത്. റഗുലേഷൻ കേരളത്തിലെ സർവ്വകലാശാലാ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായുളള പ്രവർത്തനങ്ങൾ ത്വരിത

പ്പെടുത്തേണ്ടതാണ്.

8. യു.ജി.സി റഗുലേഷനിൽ വ്യവസ്ഥ ചെയ്യുന്ന അക്കാദമിക ഗുണനിലവാരം സാധ്യമാകണമെങ്കിൽ വിദ്യാർത്ഥി പ്രവേശനത്തിൽ പരിപാലിക്കേണ്ടതായ മെറിറ്റ് വ്യവസ്ഥപോലെ അധ്യാപക നിയമനത്തിലും മെറിറ്റ് വ്യവസ്ഥ കർക്കശമായി നടപ്പിലാക്കേണ്ടതാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് എയ്ഡഡ് കോളേജുകളാണ് എണ്ണത്തിൽ മുൻപന്തിയിലുള്ളത്. ഈ മേഖലയിൽ അധ്യാപകർക്കും അനധ്യാപകർക്കും ശമ്പളം കൊടുക്കുന്നത് സർക്കാരാണെങ്കിലും അവരെ നിയമിക്കുന്നതിന് സർക്കാരിന് പരിമിതമായ പങ്കു മാത്രമെ വഹിക്കുവാനുള്ളു. അതിന് മാറ്റം വരേണ്ടതുണ്ട്. കോളേജ് അധ്യാപക നിയമനത്തിനായി ഒരു കോളേജ് സർവ്വീസ് കമ്മീഷനെ നിയോഗിക്കേണ്ടത് അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

9. സർക്കാർമേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാനത്തിന് പുറത്തും വിദേശത്തുമുള്ള സ്ഥാപനങ്ങളുമായി അക്കാദമിക തലത്തിൽ സഹകരണത്തിനുള്ള അവസരമുണ്ടാക്കണം.

11. സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും ഫാക്കൽട്ടിയെയും പഠന ഗവേഷണങ്ങളെയും സംബന്ധിച്ച വിവര ശേഖരം (ഉമമേ ആമിസ) ഉണ്ടാക്കിയെടുക്കുവാനുള്ള ശ്രമം നടത്തണം.

12. ആരോഗ്യ - സാങ്കേതിക സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് അവയുടെ പ്രവർത്തനമേഖല സംബന്ധിച്ചും അധികാര പരിധി സംബന്ധിച്ചും നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ചുമുള്ള അവ്യക്തതകൾ തുടരുകയാണ്. ഈ സർവ്വകലാശാലകളുടെ സാമൂഹ്യകവും സാങ്കേതികവുമായ സാധുത സംബന്ധിച്ചും വിശദമായ ചർച്ചകൾക്ക് അവസരമൊരുക്കേണ്ടതാണ്.

13. ഡിഗ്രിതല പുന: സംഘാടനത്തെ തുടർന്ന് പരീക്ഷകളുടെ എണ്ണത്തിൽ വന്ന വർദ്ധനവും വൈവിധ്യതയും കണക്കിലെടുത്ത് റെഗുലർ സ്കീമിന് പുറത്തുള്ള വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ക്രിയാത്മകമായ പങ്കുവഹിക്കാൻ ഓപ്പൺ സർവ്വകലാശാലാ സ്ഥാപിക്കണമെന്ന ആശയം ശക്തിപ്പെട്ടുവരുകയാണ്. അത് യാഥാർത്ഥ്യമാക്കുവാനുള്ള ശ്രമം ഉണ്ടാകണം.

14. മെരിറ്റ് ഉണ്ടെങ്കിലും സാമ്പത്തികമായ പിന്നോക്കാവസ്ഥ കൊണ്ട് ഉപരി പഠനത്തിന് അവസരം നിഷേധിക്കപ്പെടുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി ആരംഭിച്ച ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട് വിപുലീകരിക്കുന്നതിന് ശ്രമം ഉണ്ടാവണം. സാമൂഹ്യ നീതി ലക്ഷ്യം വച്ചുകൊള്ളുള്ള ഈ പദ്ധതിയോടൊപ്പം പലിശരഹിത വിദ്യാഭ്യാസ വായ്പകളും ഇതര ധനസഹായ പദ്ധതികളും നടപ്പിലാക്കികൊണ്ട് ഈ രംഗത്ത് കൂടുതൽ വിദ്യാർത്ഥികൾക്ക് കടന്ന് വരുവാനുള്ള അവസരം ഉണ്ടാക്കണം.

15. മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഇന്റർ യൂണിവേഴ്സിറ്റി സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസ്എബിലിറ്റി സ്റ്റഡി, സെന്റർ ഫോർ എഞ്ചിനിയറിംഗ് ആന്റ് റിസർച്ച് ഡെവലപ്പ്മെന്റ് തുടങ്ങിയ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അതോടൊപ്പം കഴിഞ്ഞ വർഷങ്ങളിൽ ആരംഭിച്ച ശ്രദ്ധേയമായ നിരവധി അക്കാദമിക പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കി നടപ്പാക്കാനുള്ള ശ്രമമുണ്ടാകണം.

## ഇരിക്കുന്ന കൊമ്പ് മുറിക്കുന്നവർ

ഡിഗ്രിതല വിദ്യാഭ്യാസത്തിന്റെ പുന: സംഘാടനത്തെത്തുടർന്ന് സെമസ്റ്റർ സമ്പ്രദായം കേരളത്തിലെ എല്ലാ സർവകലാശാലകളിലും നടപ്പിലാക്കുകയുണ്ടായി. അതിന്റെ ഭാഗമായി ഒരു അക്കാദമിക വർഷത്തിലെ വെക്കേഷൻ നവംബർ, മേയ് മാസങ്ങളിലായി വിഭജിച്ച് നിശ്ചയിച്ചിരുന്നു. സി ബി സി എസ് പരിഷ്കാരം പൂർണ്ണമായതോതിൽ എം ജി സർവകലാശാലയിൽ നിലവിൽ വന്നതിനെ തുടർന്ന് ഈ അക്കാദമിക വർഷം നവംബർ മാസത്തിൽ ആദ്യത്തെ വെക്കേഷൻ അനുവദിച്ചു കൊണ്ട് എം ജി സർവകലാശാല നടപടികൾ സ്വീകരിച്ചിരുന്നു. സർവകലാശാലാ നിയമങ്ങളിൽ ഇതനുസരിച്ച് മാററം വരുത്തികൊണ്ട് ഉത്തരവാദപ്പെട്ട ഭരണസമിതികൾ തീരുമാനം കൈക്കൊള്ളുകയും അത് ഗവൺമെന്റിനെയും ചാൻസിലർ കൂടിയായ ഗവർണറെഅറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ എം . ജി സർവകലാശാലാ മേഖലയിൽ ചില പേപ്പർ സംഘടനകളുടെ വക്താക്കൾ സർവ്വകലാശാല തീരുമാനത്തെ ആദ്യമേ തന്നെ എതിർത്തിരുന്നു. നവംബറിൽ വെക്കേഷൻ അനുവദിക്കാനുള്ള സർവകലാശാലയുടെ അധികാരത്തെയാണ് ഇക്കൂട്ടർ ആദ്യം ചോദ്യം ചെയ്തത്. എയ്ഡഡ് കോളജ് അധ്യാപകന്റെ സേവന ഭദ്രതയും അവകാശങ്ങളുമെല്ലാം ഈ സർവകലാശാലകളുടെ ശാക്തീകരണത്തിൽ കൂടി മാത്രമാണ് സാധ്യമാകുന്നതെന്ന വസ്തുത ഇക്കൂട്ടർക്കറിയില്ലായിരിക്കാം. ഇരിക്കുന്ന കൊമ്പ് മുറിക്കുകയാണവർ. സർവ്വകലാശാല തീരുമാനം മതിയാവില്ലെന്നും സർക്കാർ ഉത്തരവുണ്ടാകണമെന്നുമാണ് അവരുടെ വാദഗതി. എ. കെ.പി.സി.ടി.എ സംബന്ധിച്ചിടത്തോളം എയ്ഡഡ് കോളജ് അദ്ധ്യാപകന്റെ സേവന വേതന വ്യവസ്ഥയും ഇതര ആനുകൂല്യങ്ങളും പരിരക്ഷിക്കുന്നത്. സർവ്വകലാശാല നിയമങ്ങളാണ്. കടലാസ് സംഘടനാ നേതാക്കളുടെ ദുരുപദേശത്തിന് വഴങ്ങി കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ നേരിട്ടുള്ള ഉത്തരവുണ്ടെങ്കിലേ ഈ മാസത്തെ ശമ്പള ബില്ലിൽ ഒപ്പിടുകയുള്ളൂവെന്ന് ശാഠ്യം പിടിച്ചു. എന്തായാലും മററ് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇത്തരത്തിലുള്ള ശാഠ്യം തോന്നിയില്ല. അവർ യഥാസമയം തന്നെ ശമ്പള ബില്ല് ഒപ്പിട്ടു നല്കി. ഇതേതുടർന്ന് നമ്മുടെ പ്രവർത്തകർ കോട്ടയം ഡെപ്യൂട്ടി ഡയറക്ടറേററിന് മുമ്പിൽ എത്തുകയും ശമ്പള ബില്ല് ഒപ്പിടുന്നതു വരെ സമാധാനപരമായി നിശ്ചയദാർഢ്യത്തോടെ ഓഫീസിനു മുമ്പിൽ നിലകൊള്ളുകയും ചെയ്തു. ബില്ല് ഒപ്പിട്ട ശേഷമാണ് അദ്ധ്യാപകർ പിരിഞ്ഞു പോയത്. ശമ്പളബില്ല് ഒപ്പിടാൻ ഡയറക്ടറുടെ നിർദ്ദേശം എല്ലാ മാസവും വേണമെന്ന് കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ വാശിപിടിക്കുമോ എന്നതാണിപ്പോഴത്തെ സംശയം. ഇത്തരം പാരകളെ സംഘബലംകൊണ്ട് നേരിട്ടുള്ളതാണ് എ.കെ.പി.സി.ടി.എയുടെ പാരമ്പര്യം.



# ക്യാമ്പസിലെ സമൂഹവും സമൂഹത്തിലെ ക്യാമ്പസും

## ഒരു അവലോകനം (4)

**സി. പത്മനാഭൻ**
*എൻ.എസ്.എസ് കോളജ്,മട്ടന്നൂർ*



നവലിബറൽ കാലഘട്ടത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും അറിവ്, അറിവിന്റെ പ്രയോഗം, സമൂഹം, സംഘടന, രാഷ്ട്രീയം എന്നീ പ്രത്യയങ്ങളെ കുറിച്ച് ഈ സ്ഥാപനങ്ങൾ അറിഞ്ഞോ അറിയാതെയോ സ്വീകരിക്കുന്ന നിലപാടുകളും വിവിധ തലത്തിലുള്ള ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തനവും സമൂഹത്തെ കുറിച്ചുള്ള വിവിധ തരം ആശങ്കകളും കാമ്പസിന്റെ പിന്നാമ്പുറങ്ങളിലേക്കോ പുറത്തേക്കു തന്നെയോ നീങ്ങിയതു വഴി കാമ്പസിലെ പഠനാന്തരീക്ഷം ഏറെ മെച്ചപ്പെട്ടു എന്ന തരത്തിലുള്ള സാമാന്യ യുക്തികളും ഇപ്പോൾ പ്രചാരത്തിലുണ്ട്. ഈ കാഴ്ചപ്പാടിന്റെ പ്രചാരകർ ഒരു പടികൂടെ കടന്ന് തങ്ങളുടെ യുക്തിരഹിതമായ നിലപാടിന് സൈദ്ധാന്തിക അടിത്തറ ഉറപ്പിച്ചു കൊടുക്കാൻ എന്ന മട്ടിൽ പഠനവും പോരാട്ടവും രണ്ടല്ല എന്നും വിദ്യാർത്ഥിയെ/അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം പഠനം തന്നെയാണ് പോരാട്ടം എന്നും ഉറക്കെ പ്രഖ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. പഠനമാണ് വിദ്യാർത്ഥിയുടെ/അദ്ധ്യാപകന്റെ സാമൂഹ്യ ബാദ്ധ്യത എന്നും അതും നിറവേറ്റലാണ് ഏറ്റവും ഉന്നതമായ രാഷ്ട്രീയ പ്രവർത്തനം എന്നുമുള്ള ഈ നിലപാട് പ്രത്യക്ഷത്തിൽ സ്വാഗതാർഹമെന്ന് തോന്നുമെങ്കിലും ചില അടിസ്ഥാന സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ഈ നിലപാടുകാർ കണ്ടില്ലെന്ന് നടിക്കുന്നുണ്ട്. വർക്ഷപരമായി വി ജിതമായ സമൂഹത്തിൽ വിദ്യാഭ്യസത്തിന് പ്രത്യയ ശാസ്ത്രപരമായ ഒരു ദൗത്യമുണ്ട് എന്നതും ഈ ദൗത്യം തീർത്തും സ്വാഭാവികമായി തന്നെ ഭരണ കൂടത്തിന്റെ താൽപര്യ സംരക്ഷണം ആണ് എന്നതുമാണ് ഈ യാഥാർത്ഥ്യം. ബോധപൂർവ്വമായ രാഷ്ട്രീയ പ്രവർത്തനം കൊണ്ട് മാത്രമേ കേവലമായ പഠന പ്രക്രിയയെ അതിന്റെ തികച്ചും പ്രതിലോമകരമായ ഈ ദൗത്യത്തിൽ നിന്നും മോചിപ്പിക്കാൻ കഴിയുകയുള്ളു. ഭരിക്കപ്പെടുന്ന വർക്ഷങ്ങൾക്കിടയിലെ ഏറ്റവും ബുദ്ധിശാലികളെ എത്രത്തോളം കൂടെ നിർത്താൻ ഒരു ഭരണ കൂടത്തിന് കഴിയുന്നുവോ അത്രത്തോളം സുസ്ഥിരവും അപകടകരവുമായിരിക്കും ആ ഭരണകൂടം എന്ന് നിരീക്ഷിച്ചത് കാൾ മാർക്സ് ആണ്. ജനാധിപത്യം, സാമൂഹ്യനീതി, തുല്യത തുടങ്ങിയ സങ്കൽപ്പങ്ങൾക്ക് തികച്ചും കാലികവും ആപേക്ഷികവുമായ അർത്ഥ തലങ്ങൾ മാത്രമല്ല ഭരണ വ്യവസ്ഥയുടെ സമഗ്രമാറ്റത്തോളമെത്തുന്ന വിശാലമായ അർത്ഥമുണ്ട് എന്നും ഉന്നതവിദ്യാഭ്യാസത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ ഒരുപക്ഷെ വിധ്വംസാത്മകമായ ഈ അർത്ഥം കൂടി ഉൾച്ചേരുന്നു എന്നും നേരത്തെ പരാമർശിച്ച കേവല വിദ്യാഭ്യാസ വാദികളായ ഈ ശുദ്ധ(ദുഷ്ട)ഗതിക്കാർ മനസ്സിലാക്കുന്നില്ല.

വിശാലമായ അർത്ഥത്തിലുള്ള രാഷ്ട്രീയ കാഴ്ച്ചപാടുകൾ കാമ്പസിൽ നിന്നും തിരോവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ജനാധിപത്യവൽക്കരിക്കുക എന്ന രാഷ്ട്രീയ കർമ്മപരിപാടി ഏറ്റെടുക്കേണ്ട ഉത്തരവാദിത്തം ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്കുണ്ട്. കോളജ് യൂണിയൻ, കോളജ് കൗൺസിൽ, വിവിധ സർവകലാശാലാ സമിതികൾ എന്നിവയിലേക്കാണ് നിലവിൽ ജനാധിപത്യപരമായ തെരഞ്ഞെടുപ്പുകൾ നടക്കുന്നത്. ഇതിൽ കോളജ് യൂണിയനുകളെ പല വിധത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് നാമാവശേഷമാക്കാനുള്ള ശ്രമങ്ങൾ പല കോളജുകളിലും നടക്കുകയുണ്ടായി. കേരളത്തിലെ സർവകലാശാലകളിൽ പലതിലും പലതരം രീതികളാണ് വിവിധ സമിതികളുടെ രൂപീകരണ കാര്യത്തിൽ നിലനിൽക്കുന്നത്. ഇവിടങ്ങളിൽ നാമമാത്രമായെങ്കിലും നിലനിന്ന ജനാധിപത്യാന്തരീക്ഷം പോലും ഇല്ലാതാക്കി തികച്ചും വികൃതമായ രീതിയിൽ സിൻറിക്കേറ്റ് അടക്കമുള്ള സമിതികളിലേക്ക് നാമനിർദ്ദേശം നടത്തി സർവ്വ

കലാശാലകൾ പിടിച്ചെടുക്കുന്ന കാഴ്ചയാണ് ഇന്ന് നാം കേരളത്തിൽ കണ്ടു കൊണ്ടിരിക്കുന്നത്. നവലിബറലിസത്തിന്റെ യുക്തികൾ കേവലം സാമ്പത്തിക നയ രൂപീകരണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല എന്ന് ഈ നടപടികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. കോർപ്പറേറ്റുകൾക്ക് കീഴ്പ്പെട്ടു നിൽക്കുന്ന ഭരണകൂടവും ഇങ്ങനെയുള്ള ഭരണകൂടത്തിന് കീഴ്പ്പെട്ടു നിൽക്കുന്ന കാമ്പസുകളും ആണ് നവലിബറലിസത്തിന്റെ വക്താക്കൾ ആഗ്രഹിക്കുന്നത്. കോളേജുകളും സർവ്വകലാശാലകളുമടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കാനുള്ള പാഠങ്ങളും ശ്രമങ്ങളും നടത്തിക്കൊണ്ട് മാത്രമെ നവലിബറലിസത്തിന്റെ ധൃതരാഷ്ട്രാലിംഗനത്തിൽ



നിന്നും നമുക്ക് വർത്തമാന കാല കാമ്പസുകളെ മോചിപ്പിക്കാൻ കഴിയുകയുള്ളു. വിദ്യാർത്ഥികൾ തമ്മിലുള്ള പാരസ്പര്യം, അദ്ധ്യാപക വിദ്യാർത്ഥി ബന്ധം, അദ്ധ്യാപകരും വിദ്യാർത്ഥികളും മാനേജ്മെന്റും തമ്മിലുള്ള ബന്ധം, കാമ്പസും സമൂഹവും തമ്മിലുള്ള ബന്ധം ഇവയ്ക്കൊക്കെ ദിശാബോധം പകർന്ന് കൊടുക്കാൻ സഹായകരമായ ജനാധിപത്യ വേദികൾ ഓരോ കാമ്പസിനും അനുഗുണമായി നിയമാനുസൃതമായിത്തന്നെ രൂപീകരിക്കേണ്ടതുണ്ട്. നാഷണൽ അക്രഡിറ്റേഷൻ ആന്റ് അസസ്മെന്റ് കൗൺസിൽ (NAAC) നിർദ്ദേശ പ്രകാരം

നേരത്തെ അംഗീകാരം ലഭിച്ച ഭൂരിഭാഗം കോളേജുകളിലും ഇപ്പോൾ ഇന്റേർണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുമുണ്ട്. കോളേജുകളുടെയും സർവ്വകലാശാലകളുടെയും ഗുണനിലവാരമുയർത്തുന്ന കാര്യത്തിൽ പ്രധാനപങ്കാണ് കമ്മറ്റികൾക്ക് നൽകപ്പെട്ടിരിക്കുന്നത്. പക്ഷെ ഇതു സംബന്ധിച്ച് ചട്ടങ്ങളെ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ IQAC യുടെ ഘടനയെക്കുറിച്ചല്ലാതെ അതിന്റെ രൂപീകരണ രീതിയെക്കുറിച്ച് കാര്യമായൊന്നും പറയുന്നില്ല. ചില സ്ഥാപനങ്ങളിൽ ജനാധിപത്യപരമായ കൂടിയാലോചനകൾക്ക് ശേഷമാണ് IQAC രൂപീകരിക്കപ്പെടുന്നതെങ്കിൽ പലയിടങ്ങളിൽ തികച്ചും സ്വേച്ഛാപരമായ രീതിയിൽ ഇത്തരം സമിതികൾ രൂപീകരിക്കപ്പെടുന്നു. ജനാധിപത്യത്തെ സമ്പൂർണ്ണമായും ഉച്ചാടനം ചെയ്തു കൊണ്ടു മാത്രമേ ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉറപ്പ് വരുത്താൻ കഴിയുകയുള്ളു എന്ന് നമ്മോട് പറയാതെ പറയുന്ന ഇത്തരം സ്ഥാപനങ്ങളുടേയും സമിതികളുടേയും കാര്യത്തിൽ സമഗ്രമായ പുനർവിചിന്തനം ആവശ്യമാണ്.

വിജ്ഞാനം എന്ന പദത്തെ കേവലാർത്ഥത്തിൽ ഉപയോഗിച്ചു കൊണ്ടും നവലിബറൽ അന്തരീക്ഷത്തിന് ചേർന്ന ആശയ ഘടനകൾ കാമ്പസ് സമൂഹത്തിൽ സ്ഥാപിക്കപ്പെടുന്നുണ്ട്. ജാതീയതയുടെ സാംസ്കാരിക മുദ്രകൾ ശക്തമായി ബാക്കി നിൽക്കുന്ന കേരളീയ സമൂഹത്തിൽ വിജ്ഞാന വിസ്ഫോടനം, വിജ്ഞാന സമൂഹം എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ തികച്ചും യാന്ത്രികമായ ഒരു തരം ബ്രാഹ്മിണിസത്തെ പുനസൃഷ്ടിക്കുകയും വ്യക്തിപരമായ സാക്ഷാൽക്കാരത്തിനുതകുന്ന അക്കാദമിക് വ്യവഹാരങ്ങൾ തുറന്നിടുകയും ചെയ്യുന്നു. യഥാർത്ഥ സമൂഹത്തോടുള്ള യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ ബന്ധത്തിന് പകരം അയഥാർത്ഥമായ വിജ്ഞാന സമൂഹത്തോടുള്ള ഗോപ്യമായ ബന്ധങ്ങൾ വഴി സാമൂഹ്യ വൽക്കരണം എന്ന മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ സാധിച്ചെടുത്തതായ ഒരുതരം തോന്നൽ ഉളവാകുന്നു. ദൃശ്യമാധ്യമങ്ങളും ഇന്റർനെറ്റ് അടക്കമുള്ള പുത്തൻ മാധ്യമങ്ങളും കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളുമടക്കമുള്ള ഉപാധികൾ അടങ്ങുന്ന പുതിയ കാലത്തെ കാമ്പസ് അതിന്റെ പങ്കാളികൾക്ക് നൽകുന്ന ഏറ്റവും വലിയ അംഗീകാരം അയഥാർത്ഥമായ വിജ്ഞാന ലോകത്തിലെ പൗരത്വവും അതുവഴി ലഭിക്കുന്ന സാക്ഷാൽക്കാരവുമാണ്.

ബ്രിട്ടീഷ്ഭരണകാലത്തെ രാജ്യത്തെ കാമ്പസുകളെ പരാമർശിച്ചു കൊണ്ടാണ് ഈ ലേഖന പരമ്പര ആരംഭിച്ചത്. വിജ്ഞാനത്തെ വെള്ളക്കാരന്റെ ദാനമായിക്കണ്ട പൊതു ബോധം അന്ന് നിലവിലുണ്ടായിരുന്നു. അതു കൊണ്ടു തന്നെ ജ്ഞാന സമൂഹവും പാശ്ചാത്യ സമൂഹവും അക്കാലത്ത്

ഒരു പക്ഷെ പരസ്പരം മാറി ഉപയോഗിക്കാവുന്ന പദങ്ങളായിരുന്നു. ജ്ഞാന സമൂഹം എന്ന പ്രയോഗം അക്കാലത്ത് പ്രചാരത്തിൽ ഉണ്ടായിരുന്നില്ല എന്നത് വേറെ കാര്യം. എന്നാൽ അതേ സമയം ജ്ഞാനോദയത്തെക്കുറിച്ചുള്ള പാശ്ചാത്യ കേന്ദ്രിതമായ സങ്കൽപ്പങ്ങൾ അന്ന് നിലവിലുണ്ടായിരുന്നു താനും. ഉന്നതവിദ്യാഭ്യാസം നേടുക എന്നാൽ യൂറോപ്പിൽ ഉൽവിച്ച് ലോകമാകെ പടരുന്ന വിജ്ഞാനത്തിന്റെ മഹാപ്രവാഹത്തിൽ അലിഞ്ഞു ചേരുക എന്നതായിരുന്നു അന്നത്തെ നിലപാടിന്റെ പ്രതീക രൂപം. അറിവിനെക്കുറിച്ചുള്ള ഈ പൊതുധാരണയോട് ചിലപ്പോഴൊക്കെ സമരസപ്പെട്ടും ചിലപ്പോഴൊക്കെ സമരം ചെയ്തുമാണ് ദേശീയ പ്രസ്ഥാനം ഇന്ത്യയിലെ കാമ്പസുകളിൽ സ്ഥാനം പിടിച്ചത്. കോളനികളിൽ ഉൽഭവിച്ച് സാമ്രാജ്യത്വ കേന്ദ്രങ്ങളിലേക്ക് തിരികെ പ്രവഹിക്കുന്ന അറിവ് എന്നതായിരുന്നു ദേശീയ ബോധത്തിന്റെയും സ്വാതന്ത്ര്യവാഞ്ജയുടെയും പ്രതീക രൂപം. സ്വാതന്ത്ര്യാനന്തരം ഈ പ്രതീകം മാതൃഭാഷയിലധിഷ്ഠിതമായ കീഴാള പക്ഷ ജ്ഞാന രൂപങ്ങളിലേക്ക് വികസിക്കേണ്ടതായിരുന്നു എന്ന് ചരിത്രപരതയെ സാക്ഷ്യം നിർത്തി പറയാവുന്നതാണ്. പക്ഷെ പൂർവ്വകാല കോളനികളുടെ സാംസ്ക്കാരിക വികാസത്തിന്റെ ചരിത്രം അതിസങ്കീർണ്ണങ്ങളായ വൈതരണികളുടെ കൂടി ചരിത്രമാണ് എന്നിരിക്കെ ചരിത്രത്തെ സംബന്ധിച്ച രേഖീയ യുക്തികൾ അവിടങ്ങളിൽ ഒട്ടും വിലപ്പോയി എന്നുവരില്ല. ജ്ഞാനോദയം എന്ന സങ്കൽപ്പത്തിലൂടെ ഊട്ടിയുറപ്പിക്കപ്പെട്ടത് കൊളോണിയലിസ്റ്റ് യുക്തികളാണെങ്കിൽ വിജ്ഞാന സമൂഹം എന്ന സങ്കൽപ്പം നവകൊളോണിയൽ യുക്തികളെ ഊട്ടിയുറപ്പിക്കുവാൻ ശ്രമിക്കുന്നു എന്നത് മാത്രമാണ് ഇവ തമ്മിലുള്ള വ്യത്യാസം.

മുതലാളിത്തം വർത്തമാനകാലത്ത് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ മുൻ നിർത്തി രാഷ്ട്രീയ പ്രയോഗത്തിന്റെ പുതിയ സാധ്യതകളെ കുറിച്ചുള്ള ചർച്ചകൾ ധാരാളമായി നടന്നു വരുന്നുണ്ട്. പരിസ്ഥിതി, മനുഷ്യാവകാശം, സാമൂഹ്യ



നീതി തുടങ്ങിയ വിഷയങ്ങളിൽ മുതലാളിത്തം സൃഷ്ടിച്ച കടുത്ത പ്രതിസന്ധി ലോകമാകെ കനത്ത പ്രതിഷേധങ്ങൾക്ക് വഴി തെളിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം ഇത്തരം സമരങ്ങളുടെ മുഖമുദ്രയായി മാറിയിട്ടുമുണ്ട്. ഈ സമരങ്ങളുടെ മറ്റൊരു സവിശേഷത ഇന്റർനെറ്റ് ഉപയോഗപ്പെടുത്തികൊണ്ടുള്ള വമ്പിച്ച പ്രചാര പ്രവർത്തനങ്ങളാണ്. ഇന്റർനെറ്റ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള എന്ന പ്രയോഗം തന്നെ പൂർണ്ണമായും വസ്തു നിഷ്ഠമല്ല. കാരണം ഏതെങ്കിലുമൊരു വ്യക്തിയോ സംഘടനയോ പൂർവ്വ നിശ്ചയപ്രകാരം വ്യക്തമായ ധാരണയോടെ ഇന്റർനെറ്റിനെ ഇത്തരം സമരങ്ങളുടെ മാധ്യമമായി ഉപയോഗിക്കുന്നു എന്നു പറയുന്നതിനേക്കാൾ ശരി ഇത്തരം സമരങ്ങളുടെ പ്രചരണവും സംഘാടനവും ഫെയ്സ്ബുക്കിലൂടെയും ബ്ലോഗുകളിലൂടെയും പൂർവ്വ നിശ്ചിത മാതൃകകളെ അവംലബിക്കാതെ നടക്കുന്നു എന്നതാണ്. സംഘടനകളിൽ നിന്നും കർതൃത്വം ഇത്തരം ഓൺലൈൻ സംവിധാനങ്ങളിലേക്ക് പതുക്കെ സന്നിവേശിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അമേരിക്കൻ നഗരങ്ങളിലും പിന്നീട് ലോകമെമ്പാടും വ്യാപിച്ച വാൾ സ്ട്രീറ്റ് പിടിച്ചെടുക്കൽ സമരത്തിന്റെ മുഖ്യജിഹ്വയായ ീരരൗ്യംമഹഹൈ.ീൃഴ ആ പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്നത് നേതൃത്വരഹിതമായ ഒരു ചെറുത്തു നിൽപ്പ് പ്രസ്ഥാനം എന്ന നിലയിലാണ്. വർണ്ണ ലിംഗ രാഷ്ട്രീയ ഭേദമെന്യേ അമേരിക്കയിലെ 99 ശതമാനം ജനങ്ങളെയും പ്രതിനിധാനം ചെയ്യുന്നു എന്ന് അവകാശപ്പെടുന്ന ഈ പ്രസ്ഥാനം അവരുടെ പ്രഖ്യാപിത സമരതന്ത്രമായി അവതരിപ്പിക്കുന്നത് അറേബ്യയിൽ 2010 ഡിസംബർ 18 മുതലിങ്ങോട്ട് വളരെ വ്യാപകമായി നടന്ന പ്രതിഷേധങ്ങളെയാണ് കഴിഞ്ഞ രണ്ടു ദശകങ്ങളിലായി തികച്ചും പ്രതീകാത്മക സമരങ്ങൾ മാത്രം നടന്നു പോന്നിരുന്ന അമേരിക്കൻ മണ്ണിൽ ഒരളവോളം പ്രതീകാത്മകമെങ്കിലും വമ്പിച്ച ജന പങ്കാളിത്തം കൊണ്ട് ഏറെ ശ്രദ്ധേയമായ പ്രക്ഷോ മായി വാൾ സ്ട്രീറ്റ് പിടിച്ചെടുക്കൽ മാറിക്കഴിഞ്ഞു.

കൊളോണിയൽ കാലഘട്ടം മുതൽ വർത്തമാന കാലഘട്ടം വരെയുള്ള കേരളത്തിലെ കാമ്പസുകളും പൊതുസമൂഹവും തമ്മിലുള്ള പരസ്പര ബന്ധം സാമാന്യവൽക്കരിച്ച് പഠിക്കുക എന്നതായിരുന്നു ഈ ലേഖന പരമ്പരയുടെ ഉദ്ദേശം. നേരത്തെ പരാമർശിച്ചതുപോലെ സാമാന്യവൽക്കരണത്തിന്റെ ദൂഷ്യഫലങ്ങൾ സർവ്വവ്യാപിയാണ്. ഒരു തൊഴിലിടം എന്ന നിലയിൽ മാത്രമല്ല സാംസ്കാരികമായും രാഷ്ട്രീയമായും പ്രസക്തിയുള്ള ഒരു പ്രദേശം എന്ന നിലയിൽ കാമ്പസിനെ വിലയിരുത്താനുള്ള ശ്രമമാണ് ഈ ലക്കങ്ങളിൽ നടത്തിയത്. വർത്തമാന കാല കാമ്പസിന്റെ പരാധീനതകൾക്ക് ചരിത്രത്തിൽ നിന്നും പരിഹാരം കണ്ടെടുക്കാൻ സാധിക്കുകയില്ല. ബോധപൂർവ്വവും സുസംഘടിതവുമായ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ മാത്രമെ പരിഹാരങ്ങൾ ഉരുത്തിരിഞ്ഞ് വരികയുള്ളു. അതിന്റെയൊക്കെ ഭാഗമായി കുറേക്കൂടി സംഘടിത രൂപത്തിലുള്ള ചരിത്രാന്വേഷണവും ഈ മേഖലയിൽ നടക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ കോളജ് അദ്ധ്യാപക സംഘടനയുടെ ചരിത്രം രചിക്കാൻ കേരളത്തിലെ ഏറ്റവും വലിയ എയ്ഡഡ് കോളജ് അദ്ധ്യാപക പ്രസ്ഥാനമായ എ.കെ.പി.സി.ടി.എ തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ കുറിപ്പിലെ പിഴവുകളും അഭാവങ്ങളും അത്തരത്തിലുള്ള സമഗ്രമായ ചരിത്രരചനയുടെ വെളിച്ചത്തിൽ തിരുത്തപ്പെടുമെന്ന് തീർച്ചയായും പ്രതീക്ഷിക്കാം. *(അവസാനിച്ചു)*



# അഴിമതിയിൽ കുളിച്ച് കാസർഗോഡ് കേന്ദ്ര സർവ്വകലാശാല

**ഡോ. കെ. കൃഷ്ണദാസ്**
*എസ്. എസ്. കോളജ്, കാലടി*



2009 മാർച്ചിൽ പാർലമെന്റ് പാസാക്കിയ The Central Universities Act 2009, രാജ്യത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ (Quality of Education) വർദ്ധിപ്പിക്കുന്നതിനും ഇൻഡ്യയിലെ സർവ്വകലാശാല വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുക എന്ന ഉദ്ദേശലക്ഷ്യത്തോടും കൂടി എല്ലാ സംസ്ഥാനങ്ങളിലും ഓരോ കേന്ദ്ര സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടു. ഈ നിയമപ്രകാരം കേരളത്തിനനുവദിച്ച കേന്ദ്ര സർവ്വകലാശാല (Central University of Kerala) ഉത്തര കേരളത്തിൽ കാസർകോഡ് സ്ഥാപിക്കപ്പെട്ടു.

കേന്ദ്ര സർവ്വകലാശാല നിയമം (Central Unversities Act 2009) സെക്ഷൻ 5ൽ ഇത്തരത്തിൽ സ്ഥാപിക്കപ്പെടുന്ന സർവ്വകലാശാലകളുടെ ലക്ഷ്യങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നു. "The object of the University shall be to disseminate and advance knowledge by providing instructional and research facilities in such branches of learning as it may deem fit. To make special provisions for integrated courses in humanities, social sciences, science and technology in educational programmes; to make appropriate measures for promoting innovations in teaching - learning process and interdisciplinary studies and research; to educate and train man power for the development of the country; to establish linkages with industries for the promotion of science and technology; and to

> കേന്ദ്ര സർവ്വകലാശാലയിലെ ജനാധിപത്യം ഒന്നു വേറെതന്നെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, നിയമസഭാ സാമാജികർ, പാർലമെന്റ് അംഗങ്ങൾ, പൊതുവിദ്യാഭ്യാസ പ്രവർത്തകർ, വിദ്യാഭ്യാസ വിചക്ഷണൻമാർ, അനധ്യാപക ജീവനക്കാർ, വിദ്യാർത്ഥികൾ, തുടങ്ങി സമൂഹത്തിലെ ഒരു വിഭാഗത്തിനും ഈ സർവ്വകലാശാലയുടെ ഭരണനിർവ്വഹണ സമിതികളിൽ പ്രാതിനിധ്യമില്ല. പാർലമെന്റ് പാസാക്കിയ നിയമമായിട്ടു പോലും പാർലമെന്റ് അംഗങ്ങൾക്കു കേന്ദ്ര സർവ്വകലാശാലാ ഭരണത്തിൽ പ്രാതിനിധ്യമില്ല! ഇത്തരം ഭരണനിർവ്വഹണ സമിതികളിൽ ഭൂരിപക്ഷ അംഗങ്ങളെയും വൈസ് ചാൻസിലറുടെ ഇഷ്ടപ്രകാരം നിയമിക്കുവാൻ സാധിക്കും.

pay special attention to the improvement of the social and economic conditions and welfare of the people, their intellectual, academic and cultural development."

എത്ര നല്ല ആശയങ്ങൾ ! ഇനിയുള്ള നാളുകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വൻപിച്ച ചലനങ്ങളുടെ കാലഘട്ടമാണ്! ഈ നിയമം വായിക്കുന്ന ഏതൊരാളിന്റെ മനസ്സിലും നമ്മുടെ രാജ്യത്ത് സ്ഥാപിതമായ കേന്ദ്ര സർവ്വകലാശാല എന്ന ആശയം എത്ര മനോഹരം! മാനവിക വിഷയങ്ങളിലും സയൻസിലും ശാസ്ത്ര സാങ്കേതിക വിദ്യാ മേഖലകളിലും പുതിയ കണ്ടെത്തലുകൾ നടത്തുവാൻ പ്രാപ്തമായ ഗവേഷണങ്ങൾ, രാജ്യത്തിന്റെ വികസനത്തിനാവശ്യമായ സാങ്കേതികവിദ്യകൾ. വ്യവസായ, സാമ്പത്തിക മേഖലകളിൽ പുരോഗതി നേടുവാൻ പ്രാപ്തമായ മനുഷ്യ വിഭവശേഷി വളർത്തിയെടുക്കുക തുടങ്ങിയ ആശയങ്ങൾ എല്ലാം തന്നെ സ്വാഗതാർഹമാണ്. നമ്മുടെ രാജ്യത്ത് ഏത് സംരംഭവും പരാജയപ്പെടുന്നത് ഓരോ സ്ഥാപനത്തിനാവശ്യമായ പ്രവർത്തന ഫണ്ട് കണ്ടെത്തുന്നതിലാണ്. പക്ഷേ കേന്ദ്ര സർവ്വകലാശാലയെ സംബന്ധിച്ച് ഇത്തരത്തിലുള്ള പ്രശ്നവും പരിഹരിക്കപ്പെട്ടിരിക്കുന്നു. കേന്ദ്ര സർവ്വകലാശാലകൾക്കാവശ്യമായ ഫണ്ടുകൾ യഥാസമയം കേന്ദ്ര ഗവൺമെന്റ് പദ്ധതി ചെലവിനത്തിൽ കണ്ടെത്തി നൽകുന്നതാണ്.

കേന്ദ്ര സർവ്വകലാശാല നിയമത്തിലെ 6(2) അനുസരിച്ച് "It shall be the endeavour of the university to maintain all-India character and high standard of teaching and research and the university shall among other measures which may be necessary for the said purpose take in particular the following measures namely

(i) Admission of students and recruitment of faculty shall be made on all-India basis
(ii) Admission shall be made on merit, either through common tests conducted individually
(iii) Inter university mobility of faculty, with portable pensions and protection of security shall be encouraged
(iv) Semester system, continuous evaluation and choice based credit system shall be introduced and the university shall enter into agreement with other universities and academic institutions for credit transfer and degree programmes.

ഈ നിയമം അനുസരിച്ച് ഫെഡറൽ സ്വഭാവം കാത്തുസൂക്ഷിക്കേണ്ടതും ഉന്നത നിലവാരത്തിലുള്ള അധ്യാപന-ഗവേഷണങ്ങൾക്ക് സാധ്യത ഒരുക്കേണ്ടതുമാണ്. വിദ്യാർത്ഥികളെ തീരുമാനിക്കുമ്പോൾ അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള മത്സരപ്പരീക്ഷകളും, അതുപോലെ മെറിറ്റിന് അംഗീകാരം നൽകേണ്ടതുമാണ്. അടിസ്ഥാന സൗകര്യങ്ങൾ മറ്റു സർവ്വകലാശാലകളുമായി കൂടിച്ചേർന്ന് സെമസ്റ്റർ സമ്പ്രദായം, ചോയ്സ് ബെയ്സ്ഡ് ക്രഡിറ്റ് സിസ്റ്റത്തിൽ കോഴ്സുകൾ രൂപകൽപ്പന ചെയ്യേണ്ടതാണ്. കൂടാതെ കേന്ദ്ര സർവ്വകലാശാല നിയമത്തിലെ വകുപ്പ് 7 അനുസരിച്ച് ജാതി, വർണ്ണം, വർഗ്ഗം, ലിംഗം എന്നീ വേർതിരിവുകൾ ഒന്നുംതന്നെ ഇല്ലാതെ സർവ്വകലാശാലയിലെ എല്ലാവിധ സ്ഥാനങ്ങളും എല്ലാവർക്കും ഒരുപോലെ അവസരങ്ങൾ നൽകണം എന്നും നിഷ്കർഷിക്കുന്നു. ഈ സർവ്വസകലാശാല നിയമത്തിലെ വകുപ്പ് 6 അനുസരിച്ച് ആദ്യത്തെ ചാൻസിലറെയും വൈസ് ചാൻസിലറെയും നിയമിക്കുവാനുള്ള അവകാശം സർവ്വകലാശാലയിലെ വിസിറ്റർ ആയ ഇൻഡ്യൻ പ്രസിഡന്റിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിയമിക്കുന്ന വ്യക്തി പ്രശസ്തനായ വിദ്യാഭ്യാസ വിചക്ഷണനായിരിക്കണം എന്നും പറയുന്നുണ്ട്. എന്നാൽ കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയിൽ ആദ്യത്തെ വൈസ് ചാൻസിലറായി നിയമിതയായത് ഡോ: ജാൻസി ജെയിംസാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വൈസ് ചാൻസിലറായി ഇരുന്ന് ഇമ്മിണി പരിഷ്കാരങ്ങൾ നടപ്പിലാക്കിയ ഡോ: ജാൻസി ജെയിംസിനെ ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ളവർക്ക് സുപരിചിതയാണ്. കേരളത്തിലും ഇൻഡ്യയിലും ധാരാളം വിദ്യാഭ്യാസ വിചക്ഷണൻമാരുണ്ടായിട്ടും ഈ സ്ഥാനം കൈപ്പിടിയിലൊതുക്കുവാൻ സകലവിധ അടവുകളും പ്രയോഗിച്ചിട്ടുണ്ടാകുമെന്ന് ഉറപ്പാണ്. 2007ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പാക്കേണ്ട ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം, ചോയിസ് ബെയിസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ ഡിഗ്രി (CBCS) തുടങ്ങിയവ നടപ്പിലാക്കിയില്ല എന്നുതന്നെയല്ല, മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട നാക് (NAAC) അംഗീകാരം വൈകിപ്പിക്കുന്നതിനും ശ്രീമതി ജാൻസി ജെയിംസിന് സാധിച്ചു എന്നുള്ളത് പറയാതിരിക്കുവാൻ വയ്യ. സർവ്വകലാശാല ജനാധിപത്യം എന്നാൽ വളരെയധികം പുച്ഛമാണ്. എന്നാൽ വൈസ് ചാൻസിലർ നിയമനങ്ങൾ ലഭിക്കുന്നതിന് കോട്ടയം കേന്ദ്രീകൃതമായ രാഷ്ട്രീയ അടവുകൾ പയറ്റുകയും അത് നേടിയെടുക്കുകയും ചെയ്തു.

കേന്ദ്ര സർവ്വകലാശാലയിൽ ഭരണനിർവ്വഹണ സമിതികളായ

1) ദി കോർട്ട്
2) ദിഎക്സിക്യൂട്ടീവ് കൗൺസിൽ
3) ദി അക്കാദമിക് കൗൺസിൽ
4) ദി ബോർഡ് ഓഫ് സ്റ്റഡീസ്
5) ദി ഫിനാൻസ് കമ്മിറ്റി

എന്നീ സമിതികൾ (വകുപ്പ് 19) ജനാധിപത്യത്തിനു തന്നെ അപമാനമാണ്. കേന്ദ്ര സർവ്വകലാശാലയിലെ ഭരണനിർവ്വഹണ സമിതികളിൽ തന്റെ പാർശ്വവർത്തികളെ കുത്തിത്തിരുകുന്നതിൽ പെരുത്ത സൗകര്യമാണ്. മറ്റ് സർവ്വകലാശാലാ നിയമങ്ങൾ അനുസരിച്ച് (കേരള, കാലിക്കറ്റ്) ഭരണനിർവ്വഹണ സമിതികളായ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും ജനാധിപത്യ സംവിധാനം അനുസരിച്ച് മാത്രമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ഈ ജനാധിപത്യ സം

വിധാനത്തെ അട്ടിമറിക്കുവാൻ കേരളത്തിൽ ഇപ്പോൾ ഭരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ് ഓർഡിനൻസുകൾ ഇറക്കി സർവ്വകലാശാല ഭരണം പിടിക്കുവാൻ ശ്രമിക്കുന്ന കാര്യം പ്രസ്താവ്യമാണ്. സമൂഹത്തിന്റെ പരിച്ഛേദം സർവ്വകലാശാലാ ഭരണത്തിൽ നിലനിൽക്കണമെന്ന സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന സർവ്വകലാശാല നിയമങ്ങൾക്ക് വ്യത്യസ്തമായി, ജനാധിപത്യം എന്നത് മേമ്പടിക്കു മാത്രമായ സമിതികളാണ് കേന്ദ്ര സർവ്വകലാശാലയിലെ ഭരണനിർവ്വഹണ സമിതിയിലെ കോർട്ടും എക്സിക്യൂട്ടീവ് കൗൺസിലും. ഇൻഡ്യയിൽ പതിനെട്ടു വയസ്സു കഴിഞ്ഞ ഏതൊരാൾക്കും ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയാകുവാൻ സാധിക്കും. കേന്ദ്ര സർവ്വകലാശാലയിലെ ജനാധിപത്യം ഒന്നു വേറെതന്നെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, നിയമസഭാ സാമാജികർ, പാർലമെന്റ് അംഗങ്ങൾ, പൊതുവിദ്യാഭ്യാസ പ്രവർത്തകർ, വിദ്യാഭ്യാസ വിചക്ഷണൻമാർ, അനധ്യാപക ജീവനക്കാർ, വിദ്യാർത്ഥികൾ, തുടങ്ങി സമൂഹത്തിലെ ഒരു വിഭാഗത്തിനും ഈ സർവ്വകലാശാലയുടെ ഭരണനിർവ്വഹണ സമിതികളിൽ പ്രാതിനിധ്യമില്ല. പാർലമെന്റ് പാസാക്കിയ നിയമമായിട്ടു പോലും പാർലമെന്റ് അംഗങ്ങൾക്കു കേന്ദ്ര സർവ്വകലാശാലാ ഭരണത്തിൽ പ്രാതിനിധ്യമില്ല! ഇത്തരം ഭരണനിർവ്വഹണ സമിതികളിൽ ഭൂരിപക്ഷ അംഗങ്ങളെയും വൈസ് ചാൻസിലറുടെ ഇഷ്ടപ്രകാരം നിയമിക്കുവാൻ സാധിക്കും. ഇത്തരമൊരു സാഹചര്യം അന്തർദ്ദേശീയ നിലവാരം പുലർത്തുവാൻ കേന്ദ്ര ഗവൺമെന്റ് സ്ഥാപിച്ച കേന്ദ്ര സർവ്വകലാശാലകളെ എവിടെയെത്തിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. വൈസ് ചാൻസലറുടെ ഏറാൻമൂളികളായ ഭരണനിർവ്വഹണ സമിതിയംഗങ്ങൾ അവർക്കെതിരെ ഒരു ചെറുവിരൽ പോലും ചലിപ്പിക്കില്ല എന്ന് വ്യക്തമാണ്

"The university shall be opened to persons of either sex, and whatever caste, creed, race or class, and it shall not be lawful for the university, to adopt or impose on any person, any test whatsoever of religious belief or profession inorder to entitle him to be appointed as a teacher of the university or to hold any other office therein or to be admitted as student in the university or to graduate there at or to be admitted as a student in the university or to enjoy any privilage." (Section 7, Central University Act)

ഇങ്ങനെയെല്ലാം നിയമത്തിൽ പ്രതിപാദിക്കുന്നുവെങ്കിലും കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയിൽ അധ്യാപക നിയമനത്തിന്റെ കാര്യത്തിൽ മേൽപ്പറഞ്ഞ നിബന്ധനകളെല്ലാം കാറ്റിൽ പറത്തുകയാണ്. വിദേശത്തെയുൾപ്പടെ നല്ല അക്കാദമിക് നിലവാരം പുലർത്തുന്ന സർവ്വകലാശാലകളിലെ പ്രഗത്ഭരായ അധ്യാപകരെ നമ്മുടെ രാജ്യത്തേക്ക് ആകർഷിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഇത്തരം കേന്ദ്ര സർവ്വകലാശാലകളെ ഉയർത്തണമെന്ന് കേന്ദ്ര സർവ്വകലാശാല നിയമത്തിൽ തലങ്ങും വിലങ്ങും പ്രതിപാദിക്കുന്നു. ഇത്തരം സർവ്വകലാശാലകളിൽ അധ്യാപകരെ നിയമിക്കുമ്പോൾ യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ അനിവാര്യമാണ്. എന്നാൽ കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയുടെ അധ്യാപക നിയമനത്തിന്റെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് യു.ജു.സി. നിഷ്കർഷിക്കുന്ന യോഗ്യതകളല്ല. അതുകൊണ്ടു തന്നെ ഈ സർവ്വകലാശാലയിലെ മിക്കവാറും എല്ലാ നിയമനങ്ങളിലും വൻ വിവാദം ഉണ്ടായിരിക്കുകയാണ്. കേന്ദ്ര സർവ്വകലാശാല നിയമം അനുസരിച്ച് അധ്യാപകരെ നിയമിക്കുമ്പോൾ അസിസ്റ്റന്റ് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ (ഡീൻ ഓഫ് ഫാക്കൽറ്റി) എന്നിങ്ങനെ വേർതിരിച്ച് സംവരണ മാനദണ്ഡം ഉൾപ്പടെ പാലിച്ചുകൊണ്ട്, അന്തർദ്ദേശീയമായി പരസ്യം നൽകി ഒഴിവുകളിലേക്ക് നിയമനങ്ങൾ നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ച്, ഏാരോ തലത്തിലും എത്ര ഒഴിവുകൾ ഉണ്ട്, അതിൽ മെറിറ്റ് എത്ര, സംവരണം എത്ര എന്നിങ്ങനെയുള്ള പൂർണ്ണ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ ഈ സർവ്വകലാശാലയിൽ അധ്യാപക നിയമനത്തിനായി നടത്തിയ ഇന്റർവ്യൂകൾ വെറും പ്രഹസനമായിരുന്നു. ആളുകളെ മുൻകൂട്ടി നിശ്ചയിച്ചതിനു ശേഷമാണ്, രാജ്യാന്തര നിലവാരം പുലർത്തേണ്ട കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയിൽ നിയമനങ്ങൾ നടത്തിയിരിക്കുന്നത്. നിയമനം നടത്തിയ ഫിസിക്സ്, അനിമൽ സയൻസ്, ബയോകെമിസ്ട്രി, ജിനോമിക്സ്, മോളിക്യൂളർ ബയോളജി, കമ്പാരിറ്റീവ് ലിറ്ററേച്ചർ എന്നി വകുപ്പുകളിൽ എല്ലാം വൻവിവാദം അഴിച്ചുവിട്ടിരിക്കുകയാണ്.

സ്കൂൾ ഓഫ് മാത്തമാറ്റിക്കൽ സയൻസ് ആന്റ് ഫിസിക്കൽ സയൻസിൽ നിയമിക്കുന്നതിനായി പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തുടങ്ങിയ നിയമനങ്ങൾ നടത്തുന്നതിനായിട്ടുള്ള പരസ്യം 2011 ജൂൺ 11ന് പ്രസിദ്ധീകരിച്ചു. ഇന്റർവ്യൂ നടന്നത് 2011 ആഗസ്റ്റ് മാസം 26,27,28 തീയതികളിലാണ്. അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് വേണ്ട യോഗ്യതകളായി പറയുന്നത് ഇൻഡ്യയിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ അംഗീകരാമുള്ള വിദേശ സർവ്വകലാശാലയിൽ നിന്നോ ഉള്ള 55% മാർക്കിൽ കുറവല്ലാത്ത ബിരുദാനന്തര ബിരുദവും പിഎച്ച്.ഡിയും പോസ്റ്റ് ഡോക്ടറൽ റിസർച്ച്, അംഗീകരിക്കപ്പെടുന്ന ദേശീയ-അന്തർദ്ദേശീയ ഗവേഷണ പ്രസിദ്ധീകരണങ്ങൾ, കൂടാതെ തിയററ്റിക്കൽ ഫിസിക്സ്/കണ്ടൻസ്ഡ് മാറ്റർ ഫിസ്ക്സ്/എക്സ്പിരിമെന്റൽ ഫിസിക്സ്/ഇലക്ട്രോണിക്സ്/ഫോട്ടോണിക്സ് എന്നീ മേഖലകളിലെ പ്രവൃത്തി പരിചയം എന്നിവയാണ്. പക്ഷേ ഈ പോസ്റ്റിലേക്ക് ഇന്റർവ്യൂ ചെയ്ത് നിയമനം നൽകിയ വ്യക്തിക്ക് നിയമനം ലഭിച്ച ദിവസം എം.എസ്.സി ഡിഗ്രിയും, നെറ്റ് ക്വാളിഫിക്കേഷനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. നിയമനം ലഭിച്ച ദിവസം ഈ വ്യക്തിക്ക് ഡോക്ടറേറ്റ് പോലും ഉണ്ടായിരുന്നില്ല എന്നാണ് സർവ്വകലാശാലയിലെ രേ

ഖകൾ പരിശോധിക്കുമ്പോൾ ബോധ്യമാകുന്നത്. സർവ്വകലാശാലയിലെ ഒഴിവുകളിലേക്ക് പരസ്യം വന്നിരുന്ന 2011 ജൂൺ 11ന് നിയമനം ലഭിച്ച വ്യക്തിക്ക് പി.എച്ച്.ഡി. ഇല്ലായിരുന്നു. എന്നാൽ അന്താരാഷ്ട്ര തലങ്ങളിൽ ശ്രദ്ധേയമായ പ്രബന്ധങ്ങൾ തയ്യാറാക്കിയ, മൂന്ന് വർഷത്തിലധികം പോസ്റ്റ് ഡോക്ടറൽ യോഗ്യതയും പ്രസിദ്ധീകരണങ്ങളുമുള്ള ധാരാളം ഉദ്യോഗാർത്ഥികളെ തഴഞ്ഞുകൊണ്ട് ഈ വ്യക്തിക്ക് നിയമനം ലഭിച്ചു എന്നതാണ്. നിയമനം ലഭിച്ച ഈ വ്യക്തിക്ക് കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് പി.എച്ച്.ഡി. ലഭിച്ചത് 2011 ജൂലൈ 6-നാണ് എന്നാണ് കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ മിനുട്ട്സ് (No. PI.D/A1/3034/11) വ്യക്തമാക്കുന്നത്. എന്നാൽ വൈസ് ചാൻസിലർ അവകാശപ്പെടുന്നത് രാജ്യത്ത് ലഭിക്കാവുന്ന ഏറ്റവും മികച്ച അധ്യാപകരെയാണ് ഇവിടെ നിയമിച്ചിരിക്കുന്നതെന്നാണ്. ഈ അവകാശവാദം അംഗീകരിച്ചാൽ തന്നെ രാജ്യത്തെ മികച്ച അധ്യാപകരെല്ലാം കോട്ടയം, പാല, ചങ്ങനാശ്ശേരി മേഖലയിലുള്ളവരാണ് എന്നുള്ള ഒരടിക്കുറിപ്പു കൂടി എഴുതേണ്ടി വരും!

തുടർന്ന് നടന്ന പ്രൊഫസർ തസ്തികയിലേക്കുള്ള കൂടിക്കാഴ്ച വെറും പ്രഹസനമായിരുന്നു. ഈ തസ്തികയിലേക്ക് കൂടിക്കാഴ്ചയ്ക്ക് വന്നവർ ഇംഗ്ലണ്ടിലെ മികച്ച സർവ്വകലാശാലകൾ, സാഹാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ ഫിസിക്സ്, മംഗലാപുരം യൂണിവേഴ്സിറ്റി എന്നീ പ്രഗത്ഭ സ്ഥാപനങ്ങളിൽ നിന്നുമായിരുന്നു. ഇവിടെ ഉദ്യോഗാർത്ഥിയായി വന്ന ഡോ: പി.എം.ജി. നമ്പീശൻ കൽക്കത്ത സാഹാ ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂക്ലിയർ പ്രൊഫസറാണ്. കണ്ണൂർ മയ്യിൽ സ്വദേശിയാണ്. 25 വർഷമായി കൽക്കത്തയിൽ പ്രവർത്തിക്കുന്നു. കാസർകോട്ടെ ഇന്റർവ്യൂവിനു ശേഷം അദ്ദേഹം നേരെ പോയത് നെതർലന്റിലെ അന്താരാഷ്ട്ര ഫിസിക്സ് സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിക്കുന്നതിനാണ്.

ഇൻഡ്യയിലെ പ്രശസ്തമായ പത്തോളം സർവ്വകലാശാലയിലെ ഇന്റർവ്യൂ ബോർഡിൽ വിദഗ്ധാംഗമായിരുന്ന നമ്പീശനെ ബാലിശമായ ചോദ്യങ്ങൾ ചോദിച്ച് കളിയാക്കുകയായിരുന്നു. ഹൈസ്കൂൾ കുട്ടികളോടെന്ന പോലെ ന്യൂട്ടന്റെ ഒന്നാം ചലന നിയമം എന്തെന്നായിരുന്നു ഒരു ചോദ്യം! അതിന് രണ്ടാം നിയമവുമായിട്ടുള്ള ബന്ധം എന്താണ് എന്ന് അടുത്ത ചോദ്യം! മറുപടി പറഞ്ഞപ്പോൾ ചോദ്യം താങ്കൾക്കു മനസ്സിലായില്ല എന്ന ആക്ഷേപഹാസ്യം. എന്നാൽ ഡോ: നമ്പീശൻ കൈകാര്യം ചെയ്യുന്ന ന്യൂക്ലിയർ ഫിസിക്സിനെ കുറിച്ചോ, നാനോ സയൻസിനെ കുറിച്ചോ ചോദിച്ചില്ലെന്നു മാത്രമല്ല, അതു സംബന്ധിച്ചു പറഞ്ഞ കാര്യങ്ങൾ നിസ്സാരവൽക്കരിക്കുകയും ചെയ്തു. ഒരു തൊഴിലിനായി വന്ന ഒരു തുടക്കക്കാരൻ എന്ന പരിഗണനയിലായിരുന്നു വൈസ് ചാൻസലർ ഉൾപ്പടെയുള്ള വിദഗ്ധസമിതി അംഗങ്ങൾ. കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് രണ്ടു പേർ, ഇംഗ്ലണ്ടിലെ സർവ്വകലാശാലയിൽ നിന്ന് ഒരാൾ എന്നിവരടക്കം ആകെ അഞ്ചു പേർ ഇന്റർവ്യൂവിന് എത്തി എന്നാൽ അതിൽ ആരെയും പരിഗണിക്കാതെ പ്രൊഫസർ പദം ഒഴിച്ചിട്ടത് തനിക്ക് താൽപര്യമുള്ള ആൾക്കാരെ തിരുകിക്കയറ്റുന്നതിനും അങ്ങനെ കുറച്ചു കഴിഞ്ഞു പ്രൊഫസറുടെയും ഡീനിന്റെയും ചുമതല ഏൽപ്പിച്ച് സർവ്വകലാശാല ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന കോർട്ടിലും എക്സിക്യൂട്ടീവിലും തൻപ്രമാണിത്തം സ്ഥാപിക്കുന്നതിനുമാണ്. ഡോ: നമ്പീശനാകട്ടെ സെലക്ഷൻ നിശ്ചയിക്കുന്നതിനു മാനദണ്ഡമായിട്ടുള്ള അക്കാദമിക് പെർഫോമൻസ് ഇൻഡക് (Acadamic performance index : API) ആവശ്യമുള്ളതിന്റെ ഇരട്ടിയിലധികം ഉള്ള വ്യക്തിയാണ്. മംഗലാപുരം സർവ്വകലാശാലയിലെ ഫിസിക്സ് വിഭാഗം തലവൻ ഡോ: മഞ്ജുനാഥ പട്ടാഭിയായിരുന്നു വേറെ ഒരപേക്ഷകൻ. എന്നാൽ വർഷങ്ങളുടെ അധ്യാപന പരിചയവും ഗവേഷണ മികവുമുള്ള ഈ അധ്യാപകൻ പ്രൊഫസർ നിയമനത്തിന് അർഹനല്ലെന്നാണ് വിദഗ്ധാംഗങ്ങളുടെ കണ്ടെത്തൽ. ഇതേ സർവ്വകലാശാലയിലെ കരിക്കുലം കമ്മിറ്റി അംഗമായി ഡോ: മഞ്ജുനാഥ പട്ടാഭി പ്രവർത്തിച്ചിരുന്നു. സർവ്വകലാശാലയുടെ ഫിസിക്സ് പഠനത്തിനുള്ള അടിസ്ഥാന രേഖയായ കരിക്കുലം തയ്യാറാക്കിയത് ഡോ: പട്ടാഭിയുടെ നേതൃത്വത്തിൽ ആയിരുന്നു. ഇത്രയധികം കഴിവുകൾ ഉള്ള പ്രഗത്ഭമതികൾ ഇന്റർവ്യൂവിന് പങ്കെടുത്തപ്പോൾ തന്നെ അസ്സോസിയേറ്റ് പ്രൊഫസറിനായി നിയമിക്കപ്പെട്ട കോട്ടയം സ്വദേശിക്ക് എം.എസ്.സി. ഫിസിക്സിൽ 64.7% മാർക്ക് മാത്രമേയുള്ളൂ. പോസ്റ്റ് ഡോക്ടറൽ പരിചയം മൂന്നു മാസം മാത്രമാണ്. ഇതുപോലെ തന്നെ അനിമൽ സയൻസിലെയും ഇന്റർവ്യൂ വെറും പ്രഹസനമായിരുന്നു. കമ്പാരിറ്റീവ് ലിറ്ററേച്ചർ വിഭാഗം പ്രൊഫസർ തസ്തികയിലേക്ക് 12 അപേക്ഷകരാണുണ്ടായിരുന്നത്. പ്രാഥമിക പരിശോധനയ്ക്കു ശേഷം മികച്ച യോഗ്യതയുള്ള മൂന്നു പേരെ ഇന്റർവ്യൂവിന് ക്ഷണിച്ചു. പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ തസ്തികകളിലേക്ക് കൂടിക്കാഴ്ചയ്ക്കു വിളിക്കാൻ അക്കാദമിക് പെർഫൊമൻസ് ഇൻഡക്സ് (API) കുറഞ്ഞത് 400 പോയിന്റ് വേണം. ഇതു പ്രകാരം കണ്ണൂർ സർവ്വകലാശാല ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ: എം. ദാസൻ, കോഴിക്കോട് സർവ്വകലാശാലയിലെ എം.വി. നാരായണൻ, ഹൈദരാബാദ് കേന്ദ്ര സർവ്വകലാശാലയിലെ ഡോ: മുരളി എന്നിവരെയാണ് ഇന്റർവ്യൂവിന് ക്ഷണിച്ചത്.

ഇന്റർവ്യൂവിന്റെ തുടക്കത്തിലേ ചില പ്രകോപനങ്ങൾ നടത്തുവാനാണ് ഇന്റർവ്യൂ സമിതി ശ്രമിച്ചത്. ചോദ്യങ്ങൾ ചോദിക്കുവാൻ വേണ്ടി മാത്രം ചോദിക്കുകയും മറുപടി പറയുമ്പോൾ താങ്കൾ പറയുന്നത് മനസ്സിലാകുന്നില്ല എന്ന് ആക്ഷേപസ്വരത്തിൽ പറയുകയും ചെയ്യുക എന്നത് സ്ഥിരം പല്ലവിയാണ്. സർവ്വകലാശാല നിഷ്കർഷിച്ചതിലും കൂടുതൽ യോഗ്യതയുള്ളവരാണ് മൂന്നു പേരും. ഡോ: എം. ദാസന്റെ അക്കാദമിക് പെർഫൊമൻസ് ഇൻഡേക്സ് (അങ്കക) 800ൽ പരമാണ്. 25 വർഷത്തെ അധ്യാപന പരിചയം, ഇതിൽ 22 വർഷവും സർവ്വകലാശാലയിൽ.

കാനഡയിൽ നിന്നുൾപ്പടെ രണ്ട് പോസ്റ്റ് ഡോക്ടറൽ ബിരുദം. 35 ഗവേഷണ പ്രബന്ധങ്ങൾ, ആറ് പുസ്തകങ്ങൾ. എട്ട് വിദേശ രാജ്യങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇത് കൂടാതെ ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിലെ രജിസ്ട്രാറായിരുന്നു . അതുപോലെ തന്നെ കോഴിക്കോട് സർവ്വകലാശാലയിലെ ഡോ: എം .വി. നാരായണനും സമാന കഴിവുകളും യോഗ്യതകളും ഉള്ളയാളാണ്. എന്നിട്ടും കഴിവുള്ളവരില്ലെന്നു പറഞ്ഞ് തസ്തിക ഒഴിച്ചിട്ടതിൽ ദുരൂഹതയുണ്ട്. യോഗ്യതയില്ലെങ്കിൽ എന്തിന് ഇന്റർവ്യൂവിന് വിളിച്ചു എന്ന ചോദ്യവും ഉയരുന്നു. തങ്ങൾക്ക് ഇഷ്ടപ്പെട്ടവർക്ക് ലഭിച്ചില്ലെങ്കിൽ പോസ്റ്റ് ഒഴിച്ചിടുക എന്ന തന്ത്രമാണ് പയറ്റുന്നത്. യു.ജി.സി നിശ്ചയിച്ച യോഗ്യതയില്ലാത്ത കോട്ടയം സ്വദേശിയെയാണ് അസ്സോസിയേറ്റ് പ്രാഫസറായി നിയമിച്ചിട്ടുള്ളത്. സൗദി അറേബ്യയിലെ ഏതോ ഒരു സർവ്വകലാശാലയിൽ കുട്ടികളെ പഠിപ്പിച്ചു എന്നുള്ളതു മാത്രമാണ് ഇദ്ദേഹത്തിനുള്ള യോഗ്യത. പ്രൊഫസർ ചുമതലയിൽ വരുന്നവർ പിന്നീട് സ്വാഭാവികമായും ഡീൻ ആകും. ഡീൻ ആയിക്കഴിഞ്ഞാൽ സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തിൽ എക്സിക്യൂട്ടീവ് കൗൺസിൽ അംഗമാകുകയും ചെയ്യും. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാണ് യോഗ്യതയുള്ളവരെ ഒഴിവാക്കി തന്റെ പാദസേവകരെയും ആജ്ഞാനുവർത്തികളെയും തിരുകി കയറ്റാൻ വൈസ് ചാൻസലർ ശ്രമിക്കുന്നത്.

കേന്ദ്ര സർവ്വകലാശാല നിയമം വകുപ്പ് 27 അനുസരിച്ച് വൈസ് ചാൻസിലറുടെ നിയമന കാലാവധിയെ കുറിച്ച് ഇപ്രകാരം പറയുന്നു "The Vice-chancellor shall hold office for a term of five years from the date on which he enters upon his office or until he attains the age of seventy years which ever is earlier and he shall not be eligible for re-appointment:

provided that not withstanding the expiry of the said period of five years, he shall continue in office until his successor is appointed and enters upon his office."

ഇതു പ്രകാരം വൈസ് ചാൻസലറുടെ കാലാവധി 5 വർഷമോ, അല്ലെങ്കിൽ എഴുപതു വയസ്സോ ഏതാണ് ആദ്യം വരുന്നത് എന്നതാണ്. എന്നാൽ പകരം ഒരു വൈസ് ചാൻസലറെ നിയമിക്കുന്നില്ല എങ്കിൽ എത്രകാലം വരെയും പഴയ വൈസ് ചാൻസലർക്ക് തുടരുവാൻ സാധിക്കും. ഈ നിയമങ്ങളുടെ പഴുതുകൾ കണ്ടെത്തി അതെല്ലാം പ്രായോഗികമാക്കുവാൻ സാമർത്ഥ്യവും രാഷ്ട്രീയ വൈദഗ്ധ്യവുമുള്ള വൈസ് ചാൻസിലർമാരെ ശ്രദ്ധിക്കുക. അവർ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് ധാരാളം സംഭാവനകൾ നൽകും.

## വിവരാവകാശ നിയമം കാറ്റിൽ പറത്തുന്നു.

കാസർകോട്ടെ കേന്ദ്ര സർവ്വകലാശാല അധ്യാപക നിയമനവുമായി ബന്ധപ്പെട്ട റാങ്ക് ലിസ്റ്റുകൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടും ഈ വിവരങ്ങൾ പുറത്തു വിടുവാൻ സർവ്വകലാശാല വിസമ്മതിക്കുകയാണ്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് തെരഞ്ഞെടുക്കപ്പെട്ടവരുടെയും വെയിറ്റിംഗ് ലിസ്റ്റിലുള്ളവരുടെയും വിവരം എന്നിവ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ തെരഞ്ഞെടുക്കപ്പെട്ട മൂന്നു പേരുടേയും വിവരം മാത്രമാണ് സർവ്വകലാശാല നൽകിയിരിക്കുന്നത്. വെയിറ്റിംഗ് ലിസ്റ്റ് രഹസ്യ രേഖയായതിനാൽ ഇത് വെളിപ്പെടുത്തുവാൻ സാധ്യമല്ലെന്ന നിലപാടാണ് സർവ്വകലാശാല സ്വീകരിച്ചത്. എന്നാൽ സർവ്വകലാശാലയുടെ ഭരണനിർവ്വഹണ സമിതിയായ എക്സിക്യൂട്ടീവ് അംഗീകരിച്ചു കഴിഞ്ഞാൽ റാങ്ക് ലിസ്റ്റ് അടക്കമുള്ള കാര്യങ്ങൾ വെളിപ്പെടുത്തേണ്ടതാണ്. അവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമാണ്. എന്നിട്ടും ഇത്തരം കാര്യങ്ങൾ വെളിപ്പടുത്താൻ മടി കാണിക്കുന്നത് നിയമനത്തിലെ ക്രമക്കേടുകൾ വെളിച്ചത്തു വരാതിരിക്കുവാനാണ് എന്നത് പകൽ പോലെ സത്യമാണ്. അധ്യാപക നിയമനം സംബന്ധിച്ച് അഭിമുഖത്തിലെ മാർക്ക് അടക്കമുള്ള രേഖകൾ ആവശ്യപ്പെട്ട പലരോടും ഇത്തരം രേഖകൾ രഹസ്യ രേഖകൾ ആണെന്ന നിലപാടാണ് സർവ്വകലാശാല എടുത്തിരിക്കുന്നത്.

## എം.പി. മാരുടെ പരാതികൾ

കാസർകോട്ടെ കേന്ദ്ര സർവ്വകലാശാലയിലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ടുയർന്നു വന്ന ആരോപണങ്ങളിൽ സർവ്വകലാശാലയുടെ വിസിറ്റർ ആയ ഇൻഡ്യൻ പ്രസിഡന്റ് ശ്രീമതി പ്രതിഭാ പാട്ടീൽ ഇടപെടണമെന്ന് സ്റ്റുഡൻസ് ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ പ്രസിഡന്റ് സ: പി. കെ. ബിജു എം.പി. ഒരു മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് എം.പി. എന്ന നിലയ്ക്ക് തനിക്ക് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് സ: ബിജു പറയുന്നു. മനുഷ്യവിഭവശേഷി കാര്യാലയത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗമെന്ന നിലയിൽ കാസർകോട്ടെ കേന്ദ്ര സർവ്വകലാശാലയിലെ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ അന്വേഷിക്കണമെന്ന് മനുഷ്യവിഭവശേഷി മന്ത്രി കപിൽ സിബലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ചീഫ് വിജിലൻസ് കമ്മീഷണർക്ക് പരാതി നൽകി

കാസർകോഡ് കേന്ദ്ര സർവ്വകലാശാല അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് ഉയർന്നു വന്ന ആരോപണങ്ങളെക്കുറിച്ച് വസ്തുതാപരമായ അന്വേഷണം നടത്തണമെന്ന് ലോക്സഭാ അംഗം അഡ്വ: എ. സമ്പത്ത് ആവശ്യപ്പെട്ടു. കമ്പാരിറ്റീവ് ലിറ്ററേച്ചർ, അനിമൽ സയൻസ്, ബയോകെമിസ്ട്രി, മോളിക്യൂളർ ബയോളജി, ഫിസിക്സ് എന്നീ വിഭാഗങ്ങളിൽ നടത്തിയ എല്ലാ നിയമനങ്ങളും, സ്വജന പക്ഷപാതം, യോഗ്യതക്കുറവ്, അഴിമതി, തുടങ്ങിയ ആരോപണങ്ങൾ കേന്ദ്ര വിജിലൻസ് കമ്മീഷണർ അന്വേഷിക്കണമെന്ന് ആദ്ദേഹം ആവശ്യപ്പെട്ടു. വിവരാവകാശ നിയമം അനുസരിച്ച് അപേക്ഷിച്ചിട്ടു പോലും വിവരങ്ങൾ വെളിപ്പെടുത്തുവാൻ വിസമ്മതിക്കുന്നതിൽ കള്ളക്കളിയുണ്ടെന്ന് എം.പി. പരാതിപ്പെട്ടു.



# മുല്ലപ്പെരിയാർ പ്രശ്നപരിഹാരം അകലെയോ?

**പ്രൊഫ. എം.ജെ. മാത്യു**
*എം.ഇ.എസ് കോളജ്, നെടുങ്കണ്ടം*



കേരളത്തിന്റെയും തമിഴ്നാടിന്റെയും ഉറക്കം കെടുത്തുന്ന മുല്ലപ്പെരിയാർ പ്രശ്നത്തിന് ശാശ്വത പരിഹാരം ഇനിയും ഒട്ടും താമസിച്ചുകൂടാ എന്നതാണ് എല്ലാ കേരളീയന്റെയും ആഗ്രഹവും ആവശ്യവും. 116 വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചതും ഭൂകമ്പ സാദ്ധ്യതയുള്ള മേഖലയിൽ സ്ഥിതി ചെയ്യുന്നതുമായ മുല്ലപ്പെരിയാർ ഡാമിനു പകരം പുതിയ ഡാം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം തുടങ്ങിയിട്ട് നാളേറെയായെങ്കിലും ഏതാനും ദിവസങ്ങൾക്കു മുമ്പ് മാത്രമാണ് കേരള സമൂഹമാകെ ഈ സമരത്തെ നെഞ്ചിലേറ്റാൻ തുടങ്ങിയത്. മുല്ലപ്പെരിയാർ മുതൽ ഇടുക്കി വരെയുള്ള ഉദ്ദേശം 40 കിലോമീറ്റർ ദൂരത്തിൽ താമസിക്കുന്ന ഒന്നേകാൽ ലക്ഷത്തോളം ആളുകളെ പ്രത്യക്ഷമായും അതീവ ഗുരുതരമായും ബാധിക്കുവാനിടയുള്ളതും അഞ്ചു ജില്ലകളിലായി 35 ലക്ഷത്തിലധികം ആളുകൾക്കും അവരുടെ വസ്തുവകകൾക്കും അപരിഹാര്യമായ നഷ്ടം വരുത്തുവാൻ കഴിയുന്നതുമായ ഒരു ജലബോംബായി മുല്ലപ്പെരിയാർ ഡാം ഇന്നു നിലനിൽക്കുകയാണ്.

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള ഭയാശങ്കകൾ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ഡാം സുരക്ഷിതമല്ലെന്നും അത് പുതുക്കിപ്പണിയണമെന്നും വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു തുടങ്ങിയിട്ടും ഏറെക്കാലമായി. കഴിഞ്ഞ ഏതാനും വർഷങ്ങളായി മുല്ലപ്പെരിയാർ ഡാം തകർന്നാലുമുള്ള ഭീകരാവസ്ഥ പരിസ്ഥിതി പ്രവർത്തകരും മുല്ലപ്പെരിയാർ സമരസമിതിയും ജനങ്ങളുടെ ഭയവിഹ്വലരായി കഴിയുകയാണ്. ഭീകര സ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണരുന്ന ആ ഹതഭാഗ്യരുടെ അവസ്ഥ എത്രയോ ദയനീയം. തങ്ങളുടെ വസ്തുക്കൾ വിറ്റ് സ്ഥലം മാറിപ്പോകാൻ

> **ഒരുമയോടെ കൈകോർത്താൽ ഈ പ്രശ്നം പരിഹരിക്കാനാവും. നമ്മുടെ മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും ഇക്കാര്യത്തിലുള്ള നിസ്സംഗത വെടിയുമോ എന്നതാണ് ഏവരും മറ്റുനോക്കുന്നത്. പുതുവർഷാരംഭത്തിലെങ്കിലും ഒരു ശാശ്വത പരിഹാരം ഉണ്ടാകുവാൻ ഇടവരട്ടെയെന്ന് ആശിക്കാം.**

കഴിയാതെയും ആൺമക്കൾക്ക് വിവാഹം പോലും നടത്താൻ കഴിയാതെയും അവർ അനുഭവിക്കുന്ന ദു:ഖം ഈ അവസാനനാളിൽ മാത്രമാണ് കേരളത്തിന് ബോധ്യപ്പെട്ടതെന്നോർക്കണം.

പുതിയ ഡാം പണിയണമെങ്കിൽ ഡാമിന്റെ നിയന്ത്രണാധികാരമുള്ള തമിഴ്നാടും, കൂടാതെ കേന്ദ്ര ഗവൺമെൻമറും കേന്ദ്ര പരിസ്ഥിതി മന്ത്രാലയവും സമ്മതിക്കണം. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതിയുടെ തീർപ്പും അത്യാവശ്യമാണ്. തമിഴ്നാട് കേരളത്തോട് ഒട്ടും അനുഭാവം പ്രകടിപ്പിക്കുന്നില്ല എന്നു മാത്രമല്ല 136 അടിയിൽ നിന്ന് ജലനിരപ്പ് 142 അടിയായി ഉയർത്തുവാൻ സമ്മതിക്കണം എന്നാണ് അവർ കോടതിയിലും പുറത്തും ആവശ്യപ്പെടുന്നത്. അടുത്ത നാളിലുണ്ടായ തുടർ ഭൂചലനങ്ങൾ കൂടി പരിഗണിച്ചു ഡാമിലെ ജലനിരപ്പ് 120 അടിയായി താഴ്ത്തണമെന്ന് കേരളം ഒററക്കെട്ടായി ആവശ്യപ്പെടുമ്പോഴാണ് 142 അടിയായി ഉയർത്തണമെന്ന തമിഴ്നാടിന്റെ ആവശ്യം എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

കേരളത്തിൽ പുതിയ ഡാമിനു വേണ്ടി മുറവിളി ഉയരുമ്പോൾ തമിഴ്നാട്ടിൽ രാഷ്ട്രീയ പാർട്ടികൾ ഒററക്കെട്ടായി അതിനെതിരെ സമരം നടത്തുകയാണ്. മാത്രവുമല്ല, തമിഴ്നാട്ടിലാകമാനവും പ്രത്യേകിച്ച് അതിർത്തി പ്രദേശങ്ങളിലെല്ലാം തന്നെയും തമിഴ്നാട്ടിൽ വസ്തുവകകളോ ബിസിനസോ ഉള്ള മലയാളികളെ തെരഞ്ഞുപിടിച്ച് ആക്രമിക്കുകയും അവരുടെ വീടുകളും ഫാമുകളും ബിസിനസ് സ്ഥാപനങ്ങളും തകർക്കുകയും ചെയ്യുന്ന ഭീകരമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. കേരളവും തമിഴ്നാടും തമ്മിലുള്ള വംശീയകലാപമായി ഇത് വളർന്നേക്കാം എന്ന ഭയപ്പാടിലാണിന്നേവരും. കേരളത്തിലെ തമിഴ് വംശജർക്കെതിരെ നടന്ന ഒററപ്പെട്ട അക്രമങ്ങളെ നിരോധനാജ്ഞ ഏർപ്പെടുത്തിയും കർശന നടപടികളിലൂടെയും നിയന്ത്രിച്ചപ്പോൾ തമിഴ്നാട്ടിൽ നിന്നും ആയിരക്കണക്കിനാളുകൾ സംഘടിച്ച് ആയുധങ്ങളുമായി കേരളത്തിന്റെ അതിർത്തി ഭേദിച്ച് വരുന്ന കാഴ്ച പ്രശ്നത്തിന്റെ ഭീകരത വളർത്തുകയാണ്.

അടുത്തനാൾ വരെ ഇടുക്കി ജില്ലിയിലെ ഏതാനും പഞ്ചായത്തുകളിൽ താമസിക്കുന്ന ആളുകൾക്കു മാത്രമായിരുന്നു ഭയപ്പാടെങ്കിൽ ഇന്ന് കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമായ എറണാകുളം ഉൾപ്പെടെയുള്ള അഞ്ച് ജില്ലകളിലെ ജനങ്ങളെ ഒട്ടാകെ ബാധിക്കാവുന്നതും കേരളത്തിന്റെ സമ്പത്വ്യവസ്ഥയെ തകർത്തു തരിപ്പണമാക്കുവാൻ കഴിയുന്നതുമായ ഒരു ഭീകര പ്രശ്നമായി ഇതു മാറിയിരിക്കുന്നു. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും വർഗ്ഗ ബഹുജന സംഘടനകളും മത- സാമുദായിക പ്രസ്ഥാനങ്ങളും സാംസ്കാരിക സംഘടനകളുമെല്ലാം ഒന്നിച്ച് ആവശ്യപ്പെടുന്നതായ ഈ അതീവഗുരുതര പ്രശ്നത്തിന് ആരാണ് പരിഹാരം ഉണ്ടാക്കേണ്ടത്? എന്താണ് ഇതിനൊരു പരിഹാരം?

മുല്ലപ്പെരിയാർ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കണമെങ്കിൽ, അതിജീവനത്തിനു വേണ്ടിയുള്ള ഒരു ജനതയുടെ ജീവന്മരണ പോരാട്ടത്തിന് അവസാനമുണ്ടാകണമെങ്കിൽ കേന്ദ്ര ഗവൺമെൻറിന്റെയും സംസ്ഥാന ഗവൺമെൻറന്റെയും ഇച്ഛാശക്തിയോടെയുള്ള ഉറച്ച നിലപാടുകളും നടപടികളുമാണ് വേണ്ടത്. സുപ്രീം കോടതിയിൽ ഇതുമായി ബന്ധപ്പെട്ടുള്ള കേസുകളുടെ തസ്വരമായ തീർപ്പാക്കലും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം സമ്പാദിക്കലും, ഒപ്പം തമിഴ്നാടിനെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി പുതിയ ഡാമിന് അനുകൂലമാക്കുകയുമാണ് നമ്മുടെ മുമ്പിലുള്ള പോംവഴി. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രബല മുന്നണികളും ഒരേ അഭിപ്രായത്തിലാണെങ്കിലും എന്തേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നില്ല.

ഈ പ്രശ്നത്തിന് തമിഴ്നാടിന്റെ പൂർണ്ണ സമ്മതത്തോടു കൂടി , അവർക്കു കൂടിതൃപ്തികരമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെൻറിന്റെയും സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം പുതിയ ഡാം നിർമ്മിക്കുക എന്ന ഏററവും ഉചിതമായ മാർഗ്ഗം സ്വീകരിക്കപ്പെടാതിരിക്കുകയും പുതിയ ഡാം നിർമ്മാണം നടക്കാതെ പോവുകയും ചെയ്താൽ കേരളത്തിലെ ജനലക്ഷങ്ങൾ മനമുരുകി കഴിയേണ്ടി വരുമോ? തമിഴ്നാടിനും മുല്ലപ്പെരിയാർ ഡാം സുരക്ഷിതമായി നിലനിൽക്കേണ്ടത് എത്രയോ ആവശ്യമാണ്. അവരുടെ അഞ്ച് ജില്ലകൾക്ക് ജീവജാലവും, ജലസേചനത്തിനുള്ള ജലവും നൽകുന്ന പൊന്മുട്ടയിടുന്ന താറാവാണ് ഈ ഡാം. മേൽപ്പറഞ്ഞ വിധത്തിൽ ഒരു പരിഹാരം സാദ്ധ്യമല്ലാതെ വന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം വാങ്ങി കേരളത്തിന്റെ ചെലവിൽ ഡാം പണിയുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലത്ത്, അതിശക്തമായ ഒരു സുരക്ഷാമതിൽ പണിയുക മാത്രമാണ് ഏക പോവം വഴി. ഉദ്ദേശം 700 കോടി രൂപ ഇതിന് മുടക്കേണ്ടി വരും. ആ തുക കണ്ടെത്തുവാൻ കേരളത്തിനു കഴിയാതെ വരുമോ? അങ്ങനെയെങ്കിൽ ഏതെങ്കിലും കാലത്ത് ദുർബലമായ മുല്ലപ്പെരിയാർ ഡാം പൊട്ടാനിടയായാൽ അതിനെ സുരക്ഷാമതിൽ തടഞ്ഞു കൊള്ളും. ഇതിനെങ്കിലും നമ്മുടെ സർക്കാരിന് കഴിയുമോ എന്നതാണ് എല്ലാവരുടേയും മുമ്പിലുള്ള ചോദ്യം. കേരളത്തിന്റെ മണ്ണിൽ, കേരളത്തിന്റെ ചെലവിൽ, ഒരു പുതിയ നിബന്ധനയും തമിഴ്നാടുമായി വയ്ക്കാതെ ഒരു സുരക്ഷാ ഡാം പണിതാൽ കേരളത്തിനു നഷ്ടം 700 കോടി രൂപാ മാത്രമായിരിക്കും. എന്നാൽ ജനലക്ഷങ്ങളുടെയും, കേരളത്തിന്റെ സമ്പത് വ്യവസ്ഥയുടെയും സുരക്ഷയും ഭീതിയിൽ നിന്നുള്ള മോചനവുമായിരിക്കും നേട്ടം.

ഈ നിർണ്ണായക ഘട്ടത്തിലെങ്കിലും ഒരുമയോടെ കൈ കോർത്താൽ ഈ പ്രശ്നം പരിഹരിക്കാനാവും. നമ്മുടെ മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും ഇക്കാര്യത്തിലുള്ള നിസ്സംഗത വെടിയുമോ എന്നതാണ് ഏവരും മററു നോക്കുന്നത്. പുതുവർഷാരംഭത്തിലെങ്കിലും ഒരു ശാശ്വത പരിഹാരം ഉണ്ടാകുവാൻ ഇടവരട്ടെയെന്ന് ആശിക്കാം.




# How to reduce tax liability on arrear salary

**Tomichan Joseph**
*K.E. College, Mannanam*
*District Secretary, Kottayam*



Any amount of salary received during the financial year irrespective of the year to which it relates is to be included in the income of current financial year. During the Financial year 2011-12 teachers might have received cash arrear of UGC pay revision w.e.f March 2010. On account of this their tax liability has increased considerably. To reduce the additional burden of tax on account of arrears, teachers can apply for relief U/S 89(1). For the purpose teachers have to submit statement of computed relief under U/S 89(1) in the prescribed forms to the principal and the principal can grant the relief on the basis of application received from the teacher.

**Computation of Relief u/s 89(1) Rule 21A**

Step 1: Compute the tax liability of Financial year 2011-12 including arrear

Step 2: Compute the tax liability of Financial year 2011-12 excluding arrear salary.

Step 3: Compute the excess (step 1- step 2)

Step 4: Compute the tax liability of 2010-11 including the arrear their

Step 5: Compute the liability of 2010-11 excluding the arrears (refer form No. 16 of 2010-11)

Step 6: Compute the difference between the tax under step 4 and step 5.

Step 7: Relief U/S 89(1) Tax in step 3 minus tax in step 6.

**Following forms are used to claim Relief U/S 89(1)**

(1) A statement showing tax liability of different years i.e. 2011-12 and 2010-11

(2) Table A

(3) Annexure – I

(4) Form 10 E

**The process of computing Relief U/S 89(1) and filling of various forms are explained with the help of the following illustration**

Details of salary Mr. X

Salary for the Financial Year 2011-12-Rs. 1044000/-

Salary for the Financial year 2010-11- Rs. 735000/-

Arrear salary received during 2011-12

relating to Financial year 2010-11 = Rs. 210000/-

**Statement showing tax lability of different Financial years**

| Particulars | 2010-11 Excluding arrear | 2010-11 Including arrear | 2011-12 excluding arrear | 2011-12 including arrear |
|---|---|---|---|---|
| Salary<br>Arrear | 7,35,000- | 7,35,000<br>2,10,000 | 10,44,000 | 10,44,000<br>2,10,000 |
| Gross SalaryLess professional tax | 7,35,000<br>3,000 | 9,45,000<br>3,000 | 10,44,000<br>3000 | 12,54,000<br>3,000 |
| Less interest on HBA | 7,32,000<br>1,50,000 | 9,42,000<br>1,50,000 | 10,41,000<br>11,50,000 | 1,251,000<br>1,50,000 |
| GTI | 5,82,000 | 7,92,000 | 8,91,000 | 11,01,000 |
| Less 80C | 1,00,000 | 1,00,000 | 1,00,000 | 1,00,000 |
| T.I | 4,82,000 | 6,92,000 | 7,91,000 | 10,01,000 |
| Tax<br>Ed cess | 32,200<br>966 | 72,400<br>2,172 | 90,200<br>2706 | 1,52,300<br>4,569 |
| Total tax | 33,166 | 74,572 | 92,906 | 1,56,869 |

**Table "A"**

| Previous year(s) | Total income of the relevant previous year | Salary received in arrears or relating to the relevant previous year as mentioned in column 1 | Total income (as increased by salary received in arrears or advance) of the relevant previous year mentioned in column 1 (Add columns 2 and 3) | Tax on total income (as per column 2) | Tax on total income (as per column 4) | Difference in tax (amount under column 6 minus amount under column 5) |
|---|---|---|---|---|---|---|
| | (Rs) | (Rs) | (Rs) | (Rs) | (Rs) | (Rs) |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 2010-11 | 4,82,000 | 2,10,000 | 6,92,000 | 33,166 | 74,572 | 41,406 |

**Annexure – I**

| | | |
|---|---|---|
| 1. | Total income (excluding salary received in arrears) | 7,91,000 |
| 2. | Salary received in arrears | 2,10,000 |
| 3. | Total income (including arrears) | 10,01,000 |
| 4. | Tax on total income (as per item 3) | 1,56,869 |
| 5. | Tax on total income (as per item 1) | 92,906 |
| 6. | Tax on salary received in arrears (difference of tem 4 and item 5) | 63,963 |
| 7. | Tax computed in accordance with Table "A" (Brought from column 7 Table "A") | 41,406 |
| 8. | Relief under section 89(1) (Indicate the difference between the amount mentioned against items 6 and 7) | 22,557 |

**Form 10 E**

Form for furnishing particularis of income U/S 192 (2 A) for the year ending 31st march 2003 for claiming relief U/S 89 (1) by a govt. servant or an employee in a public sector undertaking.

1. Name and address of the employee :
2. PAN :
3. Residential Status :

Particulars of income referred to in Rule 21A of the IT Rules 1962 during the previous year relevant to the assessment year 2012-13

1 a) Salary received in arrear or advance in accordance Rs. 2,10,000 with the provisions of Sub Rule 2 of Rule 21A

2. Detailed particulars of payments referred to above may be given in Annexure I, IIA, III or IV as the case may be

Signature of the Employee

## Verification

I............................................................... do hereby declare that what is stated above is true to the best of my knowledge and belief.

Verified today, the......................................... day of................................ 20...

Place:

Signature of the Employee

Date

**Relevant Part of Form No. 16**

| | |
|---|---|
| Total Income | 10,01,000 |
| Tax on total income | 1,52,300 |
| Add education cess | 4,569 |
| Total tax | 1,56,869 |
| Less Relief U/S 89(1) | 22,557 |
| Tax payable | 1,34,312 |

**Rate of Income Tax Applicable for FY 2010-2011, 2011-2012**

| | | |
|---|---|---|
| **Individual (women)** | | |
| First | 1,90,000 | Nil |
| Next | 3,10,000 | 10% |
| Next | 3,00,000 | 20% |
| Balance | | 30% |
| | | |
| **Ordinary individual 2010-2011** | | |
| First | 1,60,000 | Nil |
| Next | 3,40,000 | 10% |
| Next | 3,00,000 | 20% |
| Balance 30% | | |
| | | |
| **Ordinary individual 2011-2012** | | |
| First | 1,80,000 | Nil |
| Next | 3,20,000 | 10% |
| Next | 3,00,000 | 20% |
| Balance | | 30% |
| | | |



# ഉന്നത വിദ്യാഭ്യാസ മേഖല തകർക്കാൻ ഗവർണർ കൂട്ടുനിൽക്കരുത്: എം.എ.ബേബി

## ഉന്നതവിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ

**2011 ഡിസംബർ 1**

ഉന്നത വിദ്യാഭ്യാസമേഖലയെ തകർക്കുന്ന സർക്കാർ നടപടികൾക്ക് ഗവർണർ കൂട്ടു നിൽക്കരുതെന്ന് സി പി ഐ എം കേന്ദ്ര കമ്മിററിഅംഗം എം എ ബേബി ആവശ്യപ്പെട്ടു. സർക്കാരിൻെറ ജനാധിപത്യ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ നടപടികൾ ശ്രദ്ധയിൽപെടുത്തുന്നതിന് രാജ്ഭവനിലേക്ക് മാർച്ച് നടത്തേണ്ടിവരുമെന്നും വിദ്യാഭ്യാസ സംരക്ഷണ സമിതി സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് ബേബി പറഞ്ഞു.സർക്കാരിൻെറ ഇത്തരം നീക്കങ്ങൾ പരിഷ്കൃത സമൂഹത്തിന് കൈയുംകെട്ടി നോക്കിനിൽക്കാനാകില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ എന്തു ചെയ്യാൻ പോകുന്നുവെന്നതിൻെറ ആദ്യ സൂചനയാണ് കാലിക്കററ് സർവകലാശാല വൈസ് ചാൻസലറായി സ്കൂൾ അധ്യാപകനെ നിയമിക്കാൻ തീരുമാനിച്ചത്.

ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ യൂണിവേഴ്സിററികളുടെ അധികാരം കവരാനുള്ള ഉപകരണമാക്കി. എൽ ഡി എഫ് സർക്കാർ കൗൺസിൽ രൂപീകരിച്ചത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടാണ്. അന്ന് യൂണിവേഴ്സിററികളുടെ അധികാരം കവരാനാണ് കൗൺസിൽ രൂപീകരിച്ചതെന്ന് യു ഡി എഫ് ആരോപിച്ചിരുന്നു. എന്നാൽ, കൗൺസിലുകളെയും യൂണിവേഴ്സിററികളെയും പരസ്പരം ബന്ധപ്പെടുത്തി മൂല്യവത്തായ പ്രവർത്തനമാണ് എൽ ഡി എഫ് ഭരണകാലത്ത് നടന്നത്.

സിൻഡിക്കേററ് അംഗങ്ങളെ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് പുറത്താക്കാൻ ഇപ്പോൾ ഓർഡിനൻസ് കൊണ്ടു വന്നിരിക്കുന്നു. ഇത് നഗ്നമായ ജനാധിപത്യ ലംഘനമാണ്. നിയമസഭ വിളിച്ചു കൂട്ടാൻ ശുപാർശ ചെയ്യാൻ തീരുമാനിച്ച അതേദിവസം തന്നെ യൂണിവേഴ്സിററി ഭരണം കൈപ്പിടിയിലൊതുക്കാനുള്ള ഓർഡിനൻസ് അംഗീകരിച്ച് ഗവർണർക്ക് അയച്ച് വിഡ്ഢിവേഷം കെട്ടിക്കുകയാണ്.

ഗവർണറെ മാത്രമല്ല, സ്പീക്കറുടെ പദവിയെയും യു ഡി എഫ് അപമാനിച്ചു. എം എൽ എമാർക്കെതിരെ മഹിളാ കോൺഗ്രസ് നേതാവിൻെറ പ്രസ്താവന സ്പീക്കറുടെ ഓഫീസിൽ നിന്ന് ഫാക്സ് ചെയ്തത് ഇതിന് തെളിവാണെന്നും ബേബി പറഞ്ഞു.

പ്രൊഫ.നൈനാൻ കോശി അധ്യക്ഷനായി. ഡോ. ബി ഇക്ബാൽ, പ്രൊഫ. ജി ബാലമോഹൻ തമ്പി, ഡോ. വി.രാജേന്ദ്രൻനായർ, കെ. വി സുമേഷ്, കെ എസ് സുനിൽകുമാർ, പ്രൊഫ. ജയകുമാർ എന്നിവർ സംസാരിച്ചു. എ.ആർ രാജൻ സ്വാഗതം പറഞ്ഞു

# സിൻഡിക്കേററ് പിരിച്ചു വിട്ടതിനെതിരെ കണ്ണൂർ സർവ്വകലാശാല ആസ്ഥാനത്ത് പ്രതിഷേധം

ഓർഡിനൻസിലൂടെ സിൻഡിക്കേററ് ഭരണം പിടിച്ചെടുത്ത യു. ഡി. എഫ് സർക്കാരിൻെറ തീരുമാനത്തിൽ പ്രതിഷേധിച്ച് കണ്ണൂർ സർവ്വകലാശാല കാമ്പസ്സിൽ ഡിസംബർ 2 ന് പ്രതിഷേധ പ്രകടനവും വിശദീകരണ യോഗവും നടന്നു. എ. കെ. പി. സി. ടി. എ, എ. കെ. ജി. സി. ടി കണ്ണൂർ യൂണിവേഴ്സിററി ടീച്ചേഴ്സ് കലക്ടീവ്, കണ്ണൂർ യൂണിവേഴ്സിററി അംപ്ലോയീസ് യൂണിയൻ, എസ്. എഫ്, ഐ എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പ്രതിഷേധം നടന്നത്. വിശദീകരണ യോഗത്തിൽ എ. കെ. പി. സി. ടി എ ജില്ലാ സെക്രട്ടറി നിശാന്ത് എ, എംപ്ലോയീസ് യൂണിയൻ പ്രസിഡൻറ് കെ. പി. സുധീർചന്ദ്രൻ, സർവ്വകലാശാല യൂണിയൻ ജനൽ സെക്രട്ടറി ജിനേഷ് കുമാർ കെ. എന്നിവർ പ്രസംഗിച്ചു. എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി പി. ജെ സാജു സ്വാഗതം പറഞ്ഞു.

# ഓർഡിനൻസിനെതിരെ കണ്ണൂരിൽ ബഹുജന പ്രതിഷേധം

ഓർഡിനൻസിലൂടെ കേരളത്തിലെ നാല് സർവ്വകലാശാലകൾ കൂടി കൈയടക്കാനുള്ള യു. ഡി എഫ് ഗവൺമെൻറിൻെറ തീരുമാനത്തിൽ പ്രതിഷേധിച്ച് നവംബർ 18 ന് കണ്ണൂർ ടൗണിൽ ബഹുജന പ്രതിഷേധം നടന്നു. കണ്ണൂർ സർവ്വകലാശാല സംരക്ഷണ കൂട്ടായ്മയുടെ നേതൃത്വത്തിലാണ് പ്രകടനവും പ്രതിഷേധ യോഗവും നടന്നത്. സി. പി. ഐ ( എം ) കണ്ണൂർ ജില്ലാ കമ്മിററിയംഗം എൻ. ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. എ. കെ. പി. സി. ടി. എ സംസ്ഥാന സെക്രട്ടറി ഡോ. കെ പ്രദീപ് കുമാർ അധ്യക്ഷത വഹിച്ചു. കെ. എസ്. ടി. എ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിററിയംഗം കെ. സി. ഹരികൃഷ്ണൻ, എസ്. എഫ്. ഐ ജില്ലാ ജോയിൻറ് സെക്രട്ടറി എം. ഷാജർ, എ. കെ. ജി. സി. ടി സംസ്ഥാന സെക്രട്ടറി എ. വൽസലൻ, കണ്ണൂർ യൂണിവേഴ്സിററി എംപ്ലോയീസ് യൂണിയൻ മുൻ പ്രസിഡൻറ് എ. സഹദേവൻ എന്നിവർ പ്രസംഗിച്ചു. ഡി. വൈ. എഫ് ഐ ജില്ലാസെക്രട്ടറി അഡ്വ. പി. സന്തോഷ് സ്വാഗതം പറഞ്ഞു.




# എം.ജി.യൂണിവേഴ്സിററിയിലേക്ക് മാർച്ചും ധർണയും

## 2011 ഡിസംബർ 2




സേവ് യൂണിവേഴ്സിററി ഫോറത്തിൻെറ ആഭിമുഖ്യത്തിൽ എം. ജി. യൂണിവേഴ്സിററിയിലേക്ക് മാർച്ചും ധർണയും നടത്തി. കെ. സദാശിവൻനായർ, ടൊമ്മിച്ചൻ ജോസഫ്, കെ. ഷറഫുദ്ദീൻ, പി. വി. രവീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. അന്നേദിവസം കോളജുകളിൽ കരിദിനവും ആചരിച്ചു.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818



# അസാധാരണ സ്വഭാവങ്ങൾ കാണിക്കുന്ന കുഞ്ഞൻ ക്രിസ്ററലുകൾ

**ഡോ.എം.ആർ.സുദർശനകുമാർ**
*എം.ജി.കോളജ്, തിരുവനന്തപുരം*



ഒരു ഇരുമ്പുദണ്ഡിനെ പോലെ ചെറിയ ഇരുമ്പുനാരും കാന്തസ്വഭാവം കാണിക്കും. പദാർത്ഥത്തിൻെറ സ്വഭാവത്തിന് വലിപ്പവുമായി ബന്ധമില്ലെന്നാണിതു കാണിക്കുന്നത്. എന്നാൽ ഇന്ത്യയിലേയും ആസ്ട്രയിലേയും ശാസ്ത്രജ്ഞരുടെ സംഘം ചില പദാർത്ഥങ്ങളുടെ കുഞ്ഞാക്രിസ്ററലുകൾ പഠന വിധേയമാക്കിയപ്പോൾ അവ സാധാരണ സ്വഭാവം കാണിക്കുന്നതായി കണ്ടെത്തി. ഇത് സവിശേഷമായ ഇലക്ട്രോണിക്, കാന്തസ്വഭാവമുള്ള പദാർത്ഥങ്ങളെ സൃഷ്ടിക്കുവാൻ സഹായകരമാകുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.

വൈദ്യുത ചാലകത, കാന്തസ്വഭാവം, ദ്രവണാങ്കം എന്നിവ പദാർത്ഥത്തിൻെറ വലിപ്പം, ആകൃതി ഇവമാറുന്നതനുസരിച്ച് വ്യത്യാസപ്പെടുകയില്ല. എന്നാൽ മാഗ്നറൈററ് എന്ന പ്രത്യേകതരം മാൻഗനീസ് ഓക്സൈഡുകളിൽ കുഞ്ഞൻ ക്രിസ്ററലുകൾ വ്യത്യസ്തമായ സ്വഭാവങ്ങളാണ് കാണിക്കുന്നത്. വിയന്ന യൂണിവേഴ്സിററി ഓഫ് ടെക്നോളജിയിലേയും കൽക്കത്ത സർവകലാശാലയിലേയും ഗവേഷകരാണ് ഈ പ്രതിഭാസം പഠനവിധേയമാക്കിയത്. വലിയ ക്രിസ്ററലുകൾ ചെറിയ ക്രിസ്ററലുകളാകുമ്പോൾ ഇലക്ട്രോൺ വിന്യാസത്തിലും അവയുടെ ഊർജത്തിലും വ്യത്യാസമുണ്ടാകും. അവയുടെ വലിയ ക്രിസ്ററലുകൾ അചാലകങ്ങളും കാന്തസ്വഭാവമില്ലാത്തവയുമാണ്. കുഞ്ഞൻ ക്രിസ്ററലുകങ്ങൾ ഫെറോ മാഗ്നെററുകളായ ചാലക ലോഹങ്ങളാണ്. ഉയർന്ന ധനകാന്തിക് പാരഗമ്യതയുള്ള പദാർത്ഥമാണ് ഫെറോ മാഗ്നററ്. ശക്തി കുറഞ്ഞ കാന്തിക ക്ഷേത്രത്തിൽ പോലും അവ കാന്തവൽക്കരിക്കപ്പെടും. മാഗ്നറൈററുകളുടെ കാന്തസ്വഭാവം ഊഷ്മാവിനേയും കാന്തിക ക്ഷേത്രത്തേയും ആശ്രയിച്ചിരിക്കുന്നുവെന്ന് നമുക്കറിയാം എന്ന് കൽക്കത്ത സർവകലാശാലയിലെ തനുശ്രീ സാഹ-ദാസ് ഗുപ്ത അഭിപ്രായപ്പെട്ടു. ഇപ്പോൾ ഈ സ്വഭാവത്തെ ക്രിസ്ററലുകളുടെ വലിപ്പമനുസരിച്ച് നിയന്ത്രിക്കാനാവുമെന്ന് കണ്ടെത്തി എന്ന് അവർ കൂട്ടിചേർത്തു. സാങ്കേതിക രംഗത്ത് ഈ കണ്ടെത്തൽ പുതിയ സാദ്ധ്യതകൾ തുറക്കുമെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു

स्टेट बैंक ऑफ ट्रावन्कोर

**State Bank of Travancore**

*A long Tradition of Trust*

**KOCHI- 2**

**OPEN AN SB ACCOUNT WITH SBT**

AND AVAIL THE FOLLOWING FREE

**ATM DEBIT CARD**

**INTERNET BANKING FA CILITY**

**MOBILE BANKING**

Computer, Laptop, Printer etc.

**mila IT shop**

a group of mila associates

**COMPUTER SUPERMART & SERVICE CENTRE**

OPP. KSRTC, PERUMBA, PAYYANUR
PHONE: 04985-201911

# സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# സാധാരണ അവധികൾ

## Ordinary Leave

**കെ.എസ്.ജയചന്ദ്രൻ**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



1. അർദ്ധവേതന അവധി (Half- pay Leave) പരിവർത്തിതാവധി ( Commuted Leave), മുൻകൂർ അവധി (Leave not due), ആർജിതാവധി (Earned Leave), ശൂന്യ വേതനാവധി (Leave Without Allowance) എന്നിവ സാധാരണ അവധികൾ (Ordinary Leave)എന്ന വിഭാഗത്തിൽപെടുന്നു.
2. പൂർത്തിയാക്കിയ ഓരോ വർഷത്തെ സർവ്വീസിനും 20 ദിവസം എന്ന കണക്കിലാണ് അർദ്ധവേതന അവധിക്കുള്ള അർഹത.
3. മെഡിക്കൽ സർട്ടിഫിക്കേററിൻെറ അടിസ്ഥാനത്തിലും വ്യക്തിപരമായ ആവശ്യങ്ങൾക്കും അർദ്ധവേതന അവധി എടുക്കാവുന്നതാണ്.
4. അർദ്ധവേതന അവധിക്കാലത്ത് അടിസ്ഥാന ശമ്പളത്തിൻെറ പകുതിയും അതനുസരിച്ചുള്ള ക്ഷാമബത്തയും മററ് ബത്തകളും ലഭിക്കും.
5. സാധാരണ അവധികൾ (ordinary Leave) വെക്കേഷനുമായി ചേർത്ത് എടുക്കാവുന്നതാണ്. ഒററത്തവണ എടുക്കാവുന്ന അർദ്ധവേതന അവധിക്ക് പരിധി നിശ്ചയിച്ചിട്ടില്ല.
6. മെഡിക്കൽ സർട്ടിഫിക്കേററിൻെറ അടിസ്ഥാനത്തിലാണ് അവധി അനുവദിക്കുന്നതെങ്കിൽ അത് ഗവൺമെൻറ് സർവ്വീസിലുള്ള ഡോക്ടർമാർ ആകണം എന്ന് നിർബന്ധമില്ല. സ്വാകാര്യ പ്രാക്ടീസ് നടത്തുന്ന അലോപ്പതി ആയുർവേദ/ ഹോമിയോപ്പതി ഡോക്ടർമാരുടെ സർട്ടിഫിക്കേററിൻെറ അടിസ്ഥാനത്തിലും സാധാരണ ലീവ് അനുവദിക്കും.
7. മെഡിക്കൽ സർട്ടിഫിക്കററിൻെറ അടിസ്ഥാനത്തിൽ അവധിയെടുമ്പോൾ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് ഫിററ്നെസ്സ് സർട്ടിഫിക്കേററ് ആവശ്യമാണ്.
8. ആകെ അർഹതയുള്ള അർദ്ധവേതന അവധിയുടെ പുകുതിയിൽ കൂടാത്ത കാലത്തേക്ക് പരിവർത്തിതാവധിക്ക് അർഹതയുണ്ട്.
9. പരിവർത്തിതാവധിയിൽ ഇരിക്കുന്ന സമയത്ത് അർദ്ധവേതന അവധിയിൽ ഇരിക്കുന്ന സമയത്തെ അടിസ്ഥാന ശമ്പളത്തിൻെറ ഇരട്ടിക്ക് അനുസരിച്ചുള്ള ക്ഷാമബത്തയ്ക്കും അർഹതയുണ്ട്.
10. സ്ഥിരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും മൂന്നു വർഷത്തിൽ കൂടുതൽ കാലം സർവ്വീസുള്ള സ്ഥിരപ്പെടുത്താത്ത ഉദ്യോഗസ്ഥർക്കും പരിവർത്തിതാവധി എടുക്കാം.
11. മററൊരു തരത്തിലുള്ള അവധിയും ഒരുദ്യോഗസ്ഥൻെറ കണക്കിൽ ഇല്ലാതിരിക്കുകയും ഭാവിയിൽ ആർജിക്കുന്ന അർദ്ധവേതനാവധിയിൽ നിന്ന് തട്ടികിഴിക്കാം എന്ന് ബോധ്യം വരുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഒരുദ്യോഗസ്ഥന് മുൻകൂർ അവധി ലഭിക്കാവുന്നതാണ്.
12. മുൻകൂർ അവധി അർദ്ധവേതനാവധിയായിട്ട് മാത്രമേ അനുവദിക്കുകയുള്ളൂ.
13. മെക്കേഷന് അർഹതയുള്ള ഉദ്യോഗസ്ഥർ വെക്കേഷൻ കാലത്ത് പരീക്ഷാ ജോലികൾ ഏറെറടുത്താൽ ആർജിതാവധിക്ക് അർഹതയുണ്ട്. വെക്കേഷൻ കാലത്ത് റിഫ്രഷർ കോഴ്സുകളിൽ പങ്കെടുത്താലും ആർജിത അവധി ലഭിക്കും.
14. ഒരു സർവ്വീസിൽ ആകെ ലഭിക്കാവുന്ന ആർജിതാവധി 300 ആയി നിജപ്പെടുത്തിയിട്ടുണ്ട്.
15. വെക്കേഷൻ കാലത്ത് കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടാൽ ആർജിതാവധി കണക്കാക്കുന്നത് താഴെ കൊടുത്തിരിക്കുന്ന ഫോർമുല ഉപയോഗിച്ചാണ്.

ആർജിതാവധി = (കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ട ദിവസങ്ങൾ) x (30) ÷ (വെക്കേഷൻ കാലത്തെ ആകെ ദിവസങ്ങൾ)

ECONOMIC FOCUS




# Foreign direct investment (FDI) in single & multi-brand retail trade

Dr. P.S. Mohanakumar



The Union Cabinet permitted 51 per cent foreign direct investment (FDI) in multi-brand retail trade with Government approval and 100 per cent FDI in single brand retail. The existing policy had prohibited FDI in multi-brand retail and allowed only 51 per cent FDI in single brand retail. The FDI in multi-brand retail is being opened in 53 cities only with population of 1 million and for the rest of the country, current policy regime will apply

Organised retail is still in the stages of finding its feet in India even now. Though organised trade makes up over 70-80% of total trade in developed economies, India's figure is low even in comparison with other Asian developing economies like China, Thailand, South Korea and Philippines. India still predominantly houses the traditional formats of retailing, that is, the local kirana shop, *paan/beedi* shop, hardware stores, weekly haats, convenience stores, and bazaars, which together form the bulk. Indian retail is highly fragmented, with about 11 million outlets operating in the country and only 4% of them being larger than 500 square feet in size. Opening the retailing sector to FDI means dislocating millions from their occupation, and pushing a lot of families under the poverty line

**Retail Trade in India & SouthEast Asia**

| Countries | Organized | Unorganized |
|---|---|---|
| India | 2 | 98 |
| China | 20 | 80 |
| South Korea | 15 | 85 |
| Indonesia | 25 | 75 |
| Philippines | 35 | 65 |
| Thailand | 40 | 60 |
| Malaysia | 50 | 50 |

## World's top 10 retail giants

1. **Wal-Mart (United States )** The world's largest retail company, Wal-Mart was founded by Sam Walton in 1962. Incorporated on October 31, 1969, Walmart has 8,500 stores in 15 countries
2. **Carrefour (France )**Carrefour S.A. headquartered in Levallois-Perret, France opened on January 1, 1958,



in suburban Annecy. The group was built by Marcel Fournier, Denis Defforey and Jacques Defforey. In 1995 it merged with Promodes, known as Continent, one of its major competitors in the French market.

3. **Metro (Germany)** Founded in 1964, Metro AG is a diversified retail and wholesale/cash and carry group based in Dusseldorf, Germany. It has the largest market share in its home market

4. **Tesco (United Kingdom)**Tesco plc is a global grocery and general merchandise retailer headquartered in Cheshunt, United Kingdom. Founded in 1919, it has stores in 14 countries across Asia, Europe and North America.

5. **Lidl Stiftung & Co (Germany)**Founded in the 1930s by a member of the Schwarz family, Lidl stores are present across 20 countries in Europe.

6. **The Kroger Co (US)** Founded in 1883, The Kroger Co is an American supermarket chain founded by Bernard Kroger in 1883 in Cincinnati, Ohio. As of 2010, Kroger has 3,619 stores.

7. **Costco (US)** Costco Wholesale Corporation is the largest membership warehouse club chain in the United States. Costco is also one of the largest retailers of fine wine.

8. **Aldi (Germany)**Albrecht Discount (ALdi), is a discount supermarket chain based in Germany started by brothers Karl Albrecht and Theo Albrecht.

9. **Home Depot (United States)**The Home Depot is an American retailer of home improvement and construction products and services. It has stores in 2,248 locations.

10. **Target Corp (United States)**Founded in 1902 as Dayton Dry Goods, Target Corporation is an American retailing company headquartered in Minneapolis, Minnesota.

## World of 7 Billion people

According to United Nations estimates, world population has reached 7 billion on 31 October 2011. The annual State of World Population report, entitled "People and possibilities in a world of 7 million", highlights the many achievements, setbacks and paradoxes of a world of 7 billion. Youth was at the center of the 7 billion Campaign launched by UNFPA the United Nations Population Fund, . A U.N. report published in May predicts a global population of 9.3 billion by 2050, and more than 10 billion by the end of this century. With only a small variation in fertility, particularly in the more populous countries, the total could be higher: 10.6 billion people could be living on Earth by 2050 and more than 15 billion in 2100.The 7 billion mark is a huge spike from less than a century ago. In 1927, the global population was 2 billion.It was only 13 years ago that the population was at 6 billion, the United Nations says.In some of the poorest countries, high fertility rates hamper development and perpetuate poverty, while in some of the richest countries, low fertility rates and too few people entering the job market are raising concerns about prospects for sustained economic growth and the viability of social security systems.

KERALA PRIVATE
COLLEGE TEACHER

# ഏകദിന പഠനക്യാമ്പ്
# 2011 നവംബർ 26




എ. കെ. പി. സി. ടി എ കണ്ണൂർ-കാസർഗോഡ് ജില്ലാ കമ്മിററി ഏകദിന പഠനക്യാമ്പ് നടത്തി. പുതിയ കാലത്തെ സാമൂഹിക രാഷ്ട്രീയ വിദ്യാഭ്യാസ മാററങ്ങൾക്കനുസരിച്ച് സംഘടനാ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിൻെറ ഭാഗമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. സംഘടനാ പ്രവർത്തനത്തിന് മുതൽക്കൂട്ടാകുന്ന നാല് സെഷനുകളാണ് ക്യാമ്പിൽ നടന്നത്.

2011 നവംബർ 26 ന് കണ്ണൂരിൽ സ. ടി. കെ ബാലൻ സ്മാരക ഹാളിൽ നടന്ന പഠനക്യാമ്പ് മുൻ ജനറൽ സെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻ നായർ ഉദ്ഘാടനം ചെയ്തു. സംഘടനാ ചരിത്രം എന്ന വിഷയത്തിൽ ക്ലാസ്സെടുത്തുകൊണ്ടാണ് അദ്ദേഹം ഉദ്ഘാടനം നിർവ്വഹിച്ചത്. ജില്ലാ പ്രസിഡൻറ് കൃഷ്ണൻ വണ്ണാരത്ത് അധ്യക്ഷത വഹിച്ചു. കഴിഞ്ഞ കാലങ്ങളിലെ ഉജ്ജ്വലമായ പോരാട്ടങ്ങൾ ഓർമ്മകൾ മാത്രമല്ലെന്നും പുതിയ കാലത്തിൻെറ വിപ്ലവബോധം കൂടിയാണെന്നും ചരിത്രമില്ലാതെ വർത്തമാനത്തിന് പ്രസക്തിയില്ലെന്നും ഓർമ്മിപ്പിച്ച നിരവധി സന്ദർഭങ്ങളിലൂടെയാണ് ആദ്യസെഷൻ കടന്നുപോയത്. സംസ്ഥാന പ്രവർത്തക സമിതി അംഗം ഡോ. പി. വി. രവീന്ദ്രൻ സംസാരിച്ചു. ജില്ലാ സെക്രട്ടറി നിശാന്ത് എ. സ്വാഗതവും ജില്ലാ വനിതാ കൺവീനർ ടി. പി നഫീസാബേബി നന്ദിയും പറഞ്ഞു.

സംഘടന, സംഘാടനം എന്ന വിഷയത്തിൽ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. മമ്മദ് ക്ലാസ്സെടുത്തു. ഉന്നത വിദ്യാഭ്യാസ മേഖലയിലും പൊതു സമൂഹത്തിലും എ. കെ. പി. സി ടി എ നടത്തുന്ന ഇടപെടലുകളെക്കുറിച്ചും അത്തരം പ്രവർത്തനങ്ങളിലേക്ക് സംഘടനാ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. കെ. പ്രദീപ് കുമാർ അധ്യക്ഷനായി. സംസ്ഥാന കമ്മിററിയംഗം പ്രമോദ് വെള്ളച്ചാൽ സ്വാഗതം പറഞ്ഞു. കണ്ണൂർ സർവ്വകലാശാല സിൻഡിക്കേററ് മെമ്പർ പ്രൊഫ. പി. പ്രഭാകരൻ പ്രസംഗിച്ചു. ജില്ലാ കമ്മിററി അംഗം കിഷോർ കുമാർ പി നന്ദി പ്രകടനം നടത്തി.

വിരമിച്ച അധ്യാപകർക്ക് പെൻഷൻ റിവിഷൻ സംബന്ധിച്ച ക്ലാസ്സ് സംസ്ഥാന സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ. എസ് ജയചന്ദ്രൻ കൈകാര്യം ചെയ്തു. പ്രൊഫ. പി. പ്രഭാകരൻ അധ്യക്ഷത വഹിച്ചു. ജില്ലാ ട്രഷറർ പി. കെ ശശീന്ദ്രൻ സ്വാഗതവും ജോയിൻറ് സെക്രട്ടറി ടി. പി. അഷ്റഫ് നന്ദിയും പറഞ്ഞു. യു. ജി. സി റഗുലേഷൻസ് സംബന്ധിച്ച് പ്രൊഫ. കെ. എസ്. ജയചന്ദ്രൻ കൈകാര്യം ചെയ്ത ക്ലാസ്സ് ഈ വിഷയത്തെ സംബന്ധിച്ച് ആധികാരികവും സമഗ്രവും ആയിരുന്നു. സംസ്ഥാന സർവ്വീസ് സെൽ മെമ്പർ ഡോ. പി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡൻറ് വി കരുണാകരൻ സ്വാഗതം പറഞ്ഞു. ജില്ലാ സെക്രട്ടറി നിശാന്ത്. എ സംഘടനാ കാര്യങ്ങൾ വിശദീകരിച്ചു. ജില്ലാ കമ്മിററി അംഗം സി. പത്മനാഭൻ ക്യാമ്പിൻെറ ക്രോഡീകരണ പ്രസംഗം നടത്തി. വിരമിച്ച അധ്യാപകരടക്കം 120 പേർ ക്യാമ്പിൽ പങ്കെടുത്തു.

കോട്ടയം- ഇടുക്കി




# അക്കാദമിക സെമിനാറും വനിതാ സമ്മേളനവും

എ. കെ. പി. സി. ടി. എ കോട്ടയം - ഇടുക്കി ജില്ലാ കമ്മിററിയുടെ നേതൃത്വത്തിൽ കോട്ടയം ബസേലിയസ് കോളേജിൽ വച്ച് ഏകദിന അക്കാദമിക- വനിതാ സെമിനാറുകൾ നടന്നു. അക്കാദമിക സെമിനാർ എ. കെ പി. സി. ടി എ വൈസ് പ്രസിഡൻറ് ഡോ. കെ. പി സുകുമാരൻ നായർ ഉദ്ഘാടനം ചെയ്തു. 6-ാം യു. ജി. സി ശമ്പല പരിഷ്കാരത്തോടനുബന്ധിച്ചുള്ള റെഗുലേഷനിലെ സേവന- വേതന- പ്രമോഷൻ വ്യവസ്ഥകളെക്കുറിച്ച് അക്കാദമിക് കമ്മിററി സംസ്ഥാന കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ ക്ലാസ്സെടുത്തു. പുതുതായി സർവ്വീസിൽ പ്രവേശിയ്ക്കുന്ന അദ്ധ്യാപകർക്ക് തുടർ പ്രമോഷനുകൾ ലഭിയ്ക്കുന്നതിനായി യു. ജി . സി റെഗുലേഷനുകളിൽ ഉണ്ടാവേണ്ട മാററങ്ങൾ സംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചു. ജില്ലാ പ്രസിഡൻറ് ഡോ. പി . പി ചന്ദ്രശേഖരപിള്ള അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എം. ജി യൂണിവേഴ്സിററി സിൻഡിക്കേററ് മെമ്പർ പ്രൊഫ. കെ . രാധാകൃഷ്ണൻ നായർ,ജില്ലാ സെക്രട്ടറി പ്രൊഫ. ടോമിച്ചൻ ജോസഫ്, അക്കാദമിക് കമ്മിററി ജില്ലാ കൺവീനർ പ്രൊഫ. മോട്ടി തോമസ് എന്നിവർ സംസാരിച്ചു. പുതുതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകരുടെ നിരവധി സംശയങ്ങൾക്ക് വിഷയാവതാരകൻ മറുപടി പറഞ്ഞു.




ഉച്ചയ്ക്കുശേഷം നടന്ന വനിതാസെമിനാർ എ. കെ പി. സി ടി എ മുൻ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. എം. പി വിജയലക്ഷ്മി ഉദ്ഘാടനം ചെയ്തു. ഡോ. എസ് ആമിന ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകളുടെ പങ്ക് എന്ന വിയത്തെ അധികരിച്ച് വിഷയം അവതരിപ്പിച്ചു . സംസ്ഥാന വനിതാ കൺവീനർ ഡോ. പി. എസ് ഗീതാകുമാരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ വനിതാ കൺവീനർ പ്രൊഫ . എസ്. ബീന, ഡോ. എസ് വിജയലക്ഷ്മി എന്നിവർ സംസാരിച്ചു.

പത്തനംതിട്ട

## എ.കെ.പി.സി.ടി.എയ്ക്ക് വമ്പിച്ച വിജയം

പന്തളം എൻ.എസ്.എസ്. കോളജ് കൗൺസിൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ എ. കെ. പി.സി.ടി. എ സ്ഥാനാർത്ഥിയായ **പ്രൊഫ. കെ. ജയകുമാർ** (ഫിസിക്സ്) വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു.

# THE VALAPATTANAM SERVICE CO-OPERATIVE BANK LTD NO. L.L.242

H.O.VALAPATTANAM; KANNVR-10 ;
KERALA **E-mail : vpmscb** @ gmail.com
**Phone** : 0497-2779141; 2778 S 41

A Class I Special Grade
Bank Fully Computerised

BRANCHES

| | | |
|---|---|---|
| (1) | **Mill Road** | **Ph : 211114)** |
| (2) | **Manna** | **Ph : 277776!** |
| (3) | **Pallikunnumbram** | **Ph : 2779143** |
| (4) | **Fecbooth ( Morning & Evening)** | **Ph : 2779142** |
| (5) | **Station Road ( Evening )** | **Ph : 2777760** |

CONSUMER WING

| | | |
|---|---|---|
| (1) | **Neethi Medical Store** | **Ph : 2777762** |
| (2) | **Ayurdhara Pharmacy** | **Ph : 2777762** |
| (3) | **Rationshop** | |

President
**T. SAIFUDHEEN**

Secretary
**N.P.HAMSA**
**(B.Com; L.L.M)**

# പാർലമെൻറ് മാർച്ച്




പാർലമെൻറിൽ അവതരിപ്പിച്ച പി.എഫ്.ആർ.ഡി.എ ബിൽ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഐഫക്ടോ ഉൾപ്പെടെ രാജ്യത്തെ നിരവധി സർവ്വീസ് സംഘടനകളുടെ ആഭിമുഖ്യത്തിൽ 2011 നവംബർ 25 വെള്ളിയാഴ്ച പാർലമെൻറിലേക്ക് ജീവനക്കാരുടെ വൻ പ്രതിഷേധമാർച്ച് നടന്നു. എ.കെ.പി.സി.ടി.എയെ പ്രതിനിധീകരിച്ച് എറണാകുളം ജില്ലാസെക്രട്ടറി ഡോ. കെ.കൃഷ്ണദാസ് പങ്കെടുത്തു.



## അവാർഡ് ലഭിച്ചു

ഈ വർഷത്തെ ഏററവും നല്ല സാമൂഹ്യ പ്രവർത്തകയ്ക്കുള്ള വനിതാ സമാജ് സേവാ പുരസ്കാരം, Blood donor motivator Award, Ambedkar Fellowship, പരിസ്ഥിതി അവാർഡ് എന്നിവ കരസ്ഥമാക്കിയ പത്തനംതിട്ട കത്തോലിക്കേററ് കോളജ് സുവോളജി വിഭാഗം അദ്ധ്യാപിക ഡോ. എം. എസ്. സുനിൽ



## പുസ്തക പ്രകാശനം

കൊയിലാണ്ടി ആർ.എസ്.എം എസ്.എൻ.ഡി.പി യോഗം കോളജ് അദ്ധ്യാപകൻ വിനോദ്കുമാർ എടച്ചേരി രചിച്ച ഇംഗ്ലീഷ് കവിതാസമാഹാരം Frogs in the Well പ്രശസ്തകവി ശ്രീ. ടി. പി. രാജീവൻ പ്രകാശനം ചെയ്തു.

# പ്രശ്നപരിഹാരം അകലെയോ...



R.No. 36025/81
No. 232

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2009-2011
Rs. 11/- DECEMBER 2011

*With the best compliments from*

AKPCTA
Alappuzha District Committee

# M.S.M. COLLEGE
Kayamkulam

# S.D. COLLEGE
Alappuzha

# S.N. COLLEGE
Cherthala

# T.K.M.M. COLLEGE
Nangiarkulangara

Edited , Printed and Published by S. Viswanathan, AKPCTA State Committee Office, ... one: 2463494,
Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset... -01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar